
OCYM
ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം
WORSHIP · SERVICE · STUDY
ചിന്താവിഷയ പഠനസഹായി
ക്രിസ്തുവിൽ വേരൂന്നി വളരുക
Rooted and Built up in Christ
കൊലൊസ്സ്യർ 2 : 7




With best Compliments from

**Benson Skaria & Family**

**(Mar Gregorios Orthodox Maha Edavaka, Muscut)**

Home Parish:
St. George Orthodox Church,
Karakkal, Thiruvalla

# ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം

ചിന്താവിഷയം

# ക്രിസ്തുവിൽ വേരൂന്നി വളരുക

## *Rooted and Built up in Christ*

*(കൊലോസ്യർ 2:7)*

**ചിന്താവിഷയപഠന സഹായി**

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം
സെന്റ് തോമസ് ഭവൻ, പഴയ സെമിനാരി റോഡ്
ചുങ്കം, കോട്ടയം
ഫോൺ : 0481 2583997

## ഉള്ളടക്കം


**1. ക്രിസ്തുവിൽ വേരൂന്നി പണിയപ്പെടുക**
മാർ യൂഹാനോൻ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്ത

**2. ക്രിസ്തുവിൽ വേരൂന്നി വളരുക**
ഫാ. ഫിലിപ്പ് തരകൻ

**3. The call for Being rooted and built up in Christ**
Fr. Dr. Reji Mathew


**4. ക്രിസ്തുവിൽ വേരൂന്നി വളരുക**
കെ. എം. മാത്യു

**5. രൂപാന്തരത്തിന്റെ വെളിച്ചോത്സവം**
ഫാ. അജി കെ. തോമസ്

**6. ഫലം ചൂടുവാനായൊരാത്മീയ പാഠം**
ഫാ. തോമസ് രാജു

**7. ക്രിസ്തു പകർന്ന വേരുകൾ :**
**സ്ത്രീപക്ഷ വായന**
ഡോ. ജെയ്സി കരിങ്ങാട്ടിൽ

**8. ക്രിസ്തുവിൽ വേരൂന്നി വളരുക**
ജോജി പി. തോമസ്



# പ്രസിഡന്റിന്റെ കത്ത്

ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹ വന്ദനം,

ആരാധന, പഠനം, സേവനം എന്ന ആപ്തവാക്യത്തെ അടിസ്ഥാന മാക്കി രൂപം കൊണ്ട് പ.സഭയിൽ പ്രവർത്തിച്ചുവരുന്ന യുവാക്കളുടെ സംഘടനയായ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഈ മൂന്നു ഘടകങ്ങളോടും സമാന നീതി പുലർത്തണമെന്ന് പരി. സഭ ആഗ്രഹിക്കുന്നു. ഇവയുടെ സന്തുലിതവും സമീകൃതവുമായ സംയോജനമാണ് ഈ സംഘടനയെ സഭയുടെ സംഘടനയാക്കി ത്തീർക്കുന്നത്. അതിൽ പ്രഥമവും പ്രധാനവുമായ സ്ഥാനം ആരാധ നയ്ക്കാണ്. ആത്മീയ ജീവിതത്തെ ധന്യമാക്കിത്തീർക്കുന്നതും ആരാധനയാണ്. ആരാധനാജീവിതത്തിന്റെ മറ്റൊരു ഭാഗമാണ് പ്രാർത്ഥന. ദൈവ സ്നേഹത്തിനുള്ള നന്ദി, ദൈവ കൃപയിലുള്ള വളർച്ച, ദിവ്യ സ്വഭാവത്തിലുള്ള പങ്കാളിത്തം തുടങ്ങി അനേക വി ശദീകരണങ്ങൾ പ്രാർത്ഥനയ്ക്കു നല്കുവാൻ കഴിയും. അന്തരാത്മാ വിന്റെ ശക്തീകരണത്തിനും നന്മയിൽ പുരോഗമിക്കുന്നതിനും മുഖാ ന്തരമാക്കുന്നതും പ്രാർത്ഥനയാണ്.

പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു. (ഹോ ശയാ 4:6) എന്ന് പ്രവാചകനിലൂടെ നല്കുന്ന ദൈവീക പ്രബോധനം നാം ഗൗരവപൂർവ്വം കാണണം. ശാസ്ത്ര സാങ്കേതിക വിദ്യയിൽ വൈ ദഗ്ധ്യം നേടിയ പുതിയ തലമുറ ദൈവ പരിജ്ഞാനത്തിൽ എവിടെ നില്ക്കുന്നു എന്നു ചിന്തിക്കണം. ആനുപാതികമായ വളർച്ച രണ്ടു രംഗങ്ങളിലുമുണ്ടാകണം. സങ്കീർത്തനങ്ങൾ 119:9 ൽ പറയുന്നു,

'ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? നിന്റെ വചന പ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽതന്നെ'. എന്നാൽ ആയ തിന്റെ ഒരു ഇംഗ്ലീഷ് പരിഭാഷ ഇപ്രകാരമാണ്, 'How can a young person keep his/her way pure? by living according to your word.' വളരുന്നതുമാത്രമല്ല, വളർന്ന തലമുറയ്ക്കും ദൈവീകപാതയിലൂടെ യുള്ള പ്രയാണജീവിതത്തിനു ദൈവ വചനത്തിനുള്ള സ്ഥാനം എത്ര ശ്രേഷ്ഠമെന്നു പറയേണ്ടതില്ലല്ലോ? അതിന്റെ ഭാഗമായി വേദ പഠന ചിന്തകൾ മുഖ്യ വിഷയമാക്കുന്നു. ഈ വർഷത്തെ മുഖ്യചി ന്താവിഷയമായ 'ക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്ത പ്പെട്ടും' (കൊലോ:2:7) എന്ന ഭാഗത്തെ അടിസ്ഥാനപ്പെടുത്തിയ ചിന്തകളാണു ഈ ചെറുഗ്രന്ഥത്തിന്റെ ഉള്ളടക്കം. കുറിപ്പുകൾ തന്നു സഹായിച്ച മാന്യവ്യക്തികളോടും സഹപ്രവർത്തകരോടുമുള്ള നന്ദി അറിയിക്കുന്നു. ഈ പുസ്തകം സ്പോൺസർ ചെയ്തവരോടുള്ള കടപ്പാടു നിസ്സീമമാണ്. ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകൃതമാകുവാൻ അദ്ധ്വാനിച്ചവരോടുള്ള സ്നേഹവും അറിയിക്കുന്നു. അപ്രതീക്ഷിത മായി ഉണ്ടായ പ്രളയക്കെടുതി ഈ പുസ്ത പ്രസിദ്ധീകരണത്തിന് അല്പം കാലതാമസ്സമുണ്ടാക്കിയിട്ടുണ്ട്. ഈ വിഷയം ആഴത്തിൽ പഠിച്ച് അനുഭവ തലത്തിലെത്തിക്കുവാൻ ഒ.സി.വൈ.എം.ന്റെ എല്ലാ യൂണിറ്റുകളും അംഗങ്ങളും വേണ്ടവണ്ണം ശ്രദ്ധിക്കണമേ എന്ന് പിതൃ വാത്സല്യത്തോടെ ഓർമ്മിപ്പിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ,

പ്രാർത്ഥനയോടെ, എളിയ

**മാർ യൂഹാനോൻ ക്രിസോസ്റ്റമോസ്**
**മെത്രാപ്പോലീത്ത**

ബഥനി അരമന തിരുവല്ല
കൂടാരപ്പെരുന്നാൾ : 2018

# ക്രിസ്തുവിൽ വേരൂന്നി പണിയപ്പെടുക

## Rooted and built up in Christ

**മാർ യൂഹാനോൻ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**

(OCYM പ്രസിഡന്റ്)

പ: പൗലോസ് അപ്പസ്തോലന്റെ കൊലോസ്സ്യ ലേഖനം രണ്ടാം അദ്ധ്യായം ഏഴാം വാകൃത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. നമ്മുടെ ഈ വർഷത്തെ (2018-19) ചിന്താവിഷയം

**ആമുഖം**

New International Version (N.I.V) എന്ന ഇംഗ്ലീഷ് പരിഭാഷയിൽ: "Continue to live in Him, rooted and built up in Him" എന്നെടുത്തു പറയുന്നു. ക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടു പണിയപ്പെടുന്ന ജീവിതം ഒരു തുടർച്ചാനുഭവമാണെന്ന ഓർമ്മപ്പെടുത്തൽ പ്രസക്തമാണ്. അർത്ഥപൂർണ്ണമായ ക്രിസ്തീയ ജീവിതത്തിനടിസ്ഥാനഘടകങ്ങൾ - ക്രിസ്തുവിൽ ആഴത്തിലുള്ള വേരോട്ടവും നിരന്തരമായ പണിതുയർത്തലുമാണ്. ദൈവീകതയിലുള്ള വളർച്ച ആഴത്തിലേക്കുള്ള വേരോടലിനെ ആശ്രയിച്ചു കൂടിയാണ്.

**പശ്ചാത്തലം**

ഏഷ്യാമൈനറിൽ ഏഫേസൂസിനു കിഴക്കു വശത്തുള്ള ഒരു പട്ടണമാണ് കൊലോസ്യ. ഇതൊരു വലിയ വ്യവസായിക പട്ടണമായിരുന്നതിനാൽ ഒരു സങ്കര സംസ്കാരമാണ് നിലനിന്നിരുന്നത്. അന്നത്തെ ചുറ്റുപാടിലുള്ള ഭൗതിക അതിപ്രസരവുമുണ്ടായിരുന്നു. ഇതിന്റെയൊക്കെ പ്രത്യാഘാതങ്ങൾ ആ പട്ടണത്തിലെ സഭയേയും ബാധിച്ചിരുന്നു. വി. പൗലോസിന്റെ ശിഷ്യനായ എപ്പഫ്രാസിനാലാണ് അവിടെ സഭ തുടക്കം കുറിക്കുന്നത്. പല വ്യാജ ഉപദേശങ്ങളും അബദ്ധ സിദ്ധാന്തങ്ങളും പ്രചരിക്കുവാൻ തുടങ്ങി. ഉദാഹരണത്തിന്

(1) പരിച്ഛേദനകർമ്മം പോലുള്ള അനുഷ്ഠാനങ്ങളുടെ അനിവാര്യത (2:11)

(2) ഭക്ഷണ കാര്യങ്ങളിലെ നിയന്ത്രണം (2:16)

(3) പ്രത്യേക ദിനങ്ങളുടെ ആചരണം (2:17)

(4) ജ്ഞാനവാദം (Gnosticism) ചുരുക്കമായി ഈ വിഷയം പറഞ്ഞാൽ ജ്ഞാനപ്രാപ്തിയിലൂടെയാണ് രക്ഷ ലഭിക്കുന്നത്. പടിപടിയായി ജ്ഞാനം പ്രാപിച്ചുയരണം. സ്വർഗ്ഗത്തിലുള്ള ദൈവത്തിനും ഭൂമിയിലുള്ള മനുഷ്യർക്കുമിടയിൽ മദ്ധ്യവർത്തികളായി അനേക മാലാഖമാരുണ്ട്. ക്രിസ്തു അവരിൽ ഒരാൾ മാത്രം. ക്രൈസ്തവ വിശ്വാസത്തിന്റെ കാതലായ അടിസ്ഥാന തത്വങ്ങളെ നിഷേധിക്കുന്ന ഈ പഠിപ്പിക്കലുകളെ തിരുത്തുക എന്നത് അപ്പസ്തോലന്റെ ദൗത്യമായിരുന്നു. രക്ഷ ക്രിസ്തുവിൽ മാത്രം (അ:പ്ര:4:12). യേശുക്രിസ്തു ഏക ദൈവമദ്ധ്യസ്ഥൻ (എബ്രു 8/6) എന്നീ സത്യങ്ങൾ വ്യക്തമാക്കേണ്ടി വന്നു. അതുകൊണ്ട് പൗലോസിന്റെ ക്രിസ്തുവിജ്ഞാനത്തിന്റെ (Christology) കുറേ വ്യക്തരൂപങ്ങൾ ഈ ലേഖനത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. ഉദാ: ജ്ഞാനമല്ല പ്രസക്തം ദൈവ പരിജ്ഞാനത്തിൽ വളരണം (1:10), അവനിലാണ് പാപമോചനമെന്ന് വീണ്ടെടുപ്പുള്ളത് (1:14), ക്രിസ്തുവിന്റെ ആളത്ത്വവും പ്രവർത്തനവും (1:15-20) ഭംഗിയായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രത്യേകിച്ച് 2:4, 2:8, 2:18 തുടങ്ങിയവ അബദ്ധ വ്യാജ ഉപദേശങ്ങൾക്കുള്ള മുന്നറിയിപ്പുകളാണ്.

**എഴുതപ്പെട്ട കാലം ഏ.ഡി. 61 – 63 ഇടയിൽ**

പൗലോസിന്റെ നാലു കാരാഗ്രഹ ലേഖനങ്ങളിൽ ഒന്നാണിത് (4:18) മറ്റുള്ളവ. എഫേ്യസർ, ഫിലിപ്പ്യർ, ഫിലേമോൻ

**സ്ഥലം**

റോമിലെ കാരാഗ്രഹത്തിൽ വെച്ച് എഴുതപ്പെട്ടതായിരിക്കണമെന്നു പണ്ഡിത മതം.

**വ്യാഖ്യാനം**

അർത്ഥപൂർണ്ണമായ ക്രിസ്തീയ ജീവിതം എന്നതാണ് ഊന്നൽ വിഷയം. ഇംഗ്ലീഷിൽ CHRISTIAN LIFE എന്നു പറയുന്ന വാക്കിനെ ഭിന്നിപ്പിച്ചു. പുനർക്രമീകരിച്ചു എഴുതിയാൽ ക്രിസ്തീയ ജീവിതത്തിന്റെ

അർത്ഥം ലഭിക്കും. Christ - in - a - life അക്ഷരങ്ങൾ എല്ലാം ഈ പുനർ ക്രമീകരണത്തിൽ വന്നല്ലോ. ഇടത്തോട്ടു വായിച്ചാൽ A life in Christ. അക്ഷരങ്ങൾ ഒഴിവാക്കാതെയും പുതുതായി ചേർക്കാതെയും ഉള്ള വയ്ക്കു പുനർ ക്രമീകരണത്തിലൂടെ നല്കാവുന്ന പുനർ വായന മാത്രം. വലത്തോട്ടും ഇടത്തോട്ടുമുള്ള പുനർ വായനകൾ ഒരേ നാണ യത്തിന്റെ രണ്ടു വശങ്ങൾ പോലെ. ക്രിസ്തീയ ജീവിതം ക്രിസ്തു വിലുള്ള വളർച്ചയുടെ ജീവിതമാണ്. ഇതു കർത്താവുതന്നെ വ്യക്ത മാക്കിയിട്ടുണ്ട്, ''എന്നിൽ വിശ്വസിപ്പിൻ ഞാൻ നിങ്ങളിലും വസി ക്കും.'' Abide in me and I in you (യോഹന്നാൻ 15:4-11) നമ്മെ ഓരോ രുത്തരേയും കുറിച്ച് ക്രിസ്തുവിനുള്ള ഏറ്റവും വലിയ ആഗ്രഹം നമ്മുടെയുള്ളിൽ ഒരിടമാണ്. അതു കൊണ്ടാണ് വാതിൽക്കൽ വന്നു നിന്നു കൊണ്ട് വാതിലിൽ മുട്ടുന്ന ക്രിസ്തുവിന്റെ ഒരു രൂപം യോഹ ന്നാൻ ശ്ലീഹാ വെളിപാടു പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നത് (3:20) ക്രിസ്താനുഭവത്തിനു നാം കൈക്കൊള്ളേണ്ട പ്രഥമവും പ്രധാനവുമായ നടപടിയിലേക്കുള്ള വിരൽചൂണ്ടലാണ്. ക്രിസ്തീയ ജീവിതത്തിനു കണ്ട ഒരു നിർവ്വചനം "A conscious relationship with Christ" (ക്രിസ്തുവുമായുള്ള ബോധപൂർവ്വമായ, സചേതനമായ ബന്ധം) ആയതിനുള്ള പരിശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. വി.കുർബ്ബാനാനുഭവത്തിലൂടെ ലഭിക്കുന്നതും ഈ സചേതന ബ ന്ധമാണ്. ക്രിസ്തുതന്നെ പ്രബോധിപ്പിക്കുന്നു. ''എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.'' (യോഹ: 6:52). യോഹന്നാൻ ശ്ലീഹാ വീണ്ടും പ്രബോധിപ്പിക്കുന്നു.

''അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു.'' (1 യോഹ: 3:24) ദൈവവചനം അറിയിക്കണം, പാലിക്കണം, അതിൽ നിലനില്ക്കണം. ക്രിസ്തുവുമായുള്ള സചേ തന (ഉണർവ്വുള്ള) ബന്ധം സജീവമാക്കുന്ന മറ്റൊരു തലമാണിത്.

മൂന്നാമതായി പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനു വിധേയപ്പെ ടുന്ന ജീവിതമാണ്. യോഹന്നാൻ ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു.

'നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു'. (1 യോഹ ന്നാൻ:4:13)

പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനു വിധേയപ്പെടുന്ന ജീവിതത്തെക്കുറിച്ച് പ.പൗലോസ് അപ്പസ്തോലൻ ഭംഗിയായി തന്റെ ഗലാത്യ ലേഖനത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. (5:16-26)

ഭാഗ്യസ്മരണാർഹനായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഒരു പ്രാർത്ഥനാ ശകലം ഇപ്രകാരമാണ്, 'കർത്താവേ നിന്റെ സാന്നിദ്ധ്യബോധം വിട്ട് ഒരു നിമിഷം പോലും ഞാൻ ജീവിക്കുവാനിടയാകരുതേ.' നമ്മുടെ മനസ്സിനെ നിരന്തരം മഥിക്കേണ്ടതു, ജീവിക്കുന്നവനായ ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യബോധമാണ്.

2. വേരുള്ളത് ചെടികൾക്കും വൃക്ഷങ്ങൾക്കുമാണ്. ജീവനത്തിനും അതിജീവനത്തിനും ഉപകരിക്കപ്പെടുന്നതു വേരുകളാണ്. ഭാഗ്യവാനായ മനുഷ്യനെ ഒന്നാം സങ്കീർത്തനത്തിൽ അവതരിപ്പിക്കുന്നുണ്ടല്ലോ. തിരുവചനമാകുന്ന ആറിന്നരികെ (വി. കൂദാശകൾ, പരിശുദ്ധാത്മാവ് തുടങ്ങിയ അരുവികൾ എന്നുകൂടി കൂട്ടി വായിക്കാം) ഇവയുമായുള്ള അടുപ്പവും അവയിൽ നിന്നുമുള്ള നിരന്തരമായ സ്വാംശീകരണവും ഗൗരവമായിട്ടെടുക്കണം.

3. അവനിൽ പണിയപ്പെടണം: (എഫേസ്യർ : 2:20-22)

ക്രിസ്തുവാകുന്ന മൂലക്കല്ലിന്മേൽ, അപ്പസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു. കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുവാനും ദൈവത്തിന്റെ തിരുനിവാസമാകേണ്ടതിനും ജീവനത്തിന്റെയും അതിജീവനത്തിന്റെയും മറ്റൊരു ചിത്രമാണ് ഇവിടെയും കാണുന്നത്, എങ്ങനെ പണിയുന്നു എന്നതുപോലെ പ്രസക്തമാണ്, എവിടെ പണിയപ്പെടുന്നു എന്നുള്ളതും. ബുദ്ധിയുള്ള മനുഷ്യൻ വീടു പണിതതു പാറമേൽ എന്നും ഭോഷനായവൻ പണിതതു മണലിന്മേൽ എന്നുമുള്ള ഉപമയിലൂടെ ക്രിസ്തു നല്കുന്ന ഉപദേശം ഇവിടെ കൂട്ടിവായിക്കേണ്ടതാണ്. ഭൗതീകതയുടെമേൽ, ക്ഷണികതയുടെ മേൽ പണിതുയർത്തുന്നതു നിലം പരിശാകുവാൻ നിമിഷങ്ങൾ മതി, നിസ്സാര കാര്യങ്ങൾ മതി. ക്രിസ്തുവാകുന്ന പാറമേൽ പണിതുയർത്തപ്പെടുന്നതേ നില നിൽക്കുകയുള്ളൂ. കർത്താവിൽ വിശുദ്ധമന്ദിരമായി വളരുവാനും, ദൈവത്തിന്റെ തിരുനിവാസമായി നില്ക്കുവാനും നമുക്കുള്ള നിയോഗം വിസ്മരിക്കരുത്. ഒരു പ്രത്യേക സാഹചര്യത്തിൽ കുറിച്ച ഒരു കവിതാശകലത്തോടെ ഈ കുറിപ്പ് ഉപസംഹരിക്കട്ടെ.

ക്രിസ്തു എന്നിൽ നിറയുമ്പോൾ
ഞാനൊരു ക്രിസ്തുവായി മാറിടുന്നു.
ക്രിസ്തു എന്നിൽ മറയുമ്പോൾ
ഞാനൊരന്തി ക്രിസ്തുവായി മാറിടുന്നു.
രണ്ടും തമ്മിലുള്ളോരന്തരം
കണ്ടുമടുക്കുന്നു മാലോകരേവരും
ക്രൂരനാമെന്നിലെ ചെയ്തികളോരോന്നും
ക്രൂശിലെ രോധനമേറ്റിടുന്നു
അതുകണ്ടനുതാപിയാകുവാൻ
അഹങ്കാരമെന്നിലൊടുങ്ങുന്നുമില്ല.
ക്രിസ്തു എന്നിൽ......

# ക്രിസ്തുവിൽ വേരൂന്നി വളരുക

**(കൊലോസ്യർ 2:7)**

**ഫാ. ഫിലിപ്പ് തരകൻ** (OCYM വൈസ് പ്രസിഡന്റ്)

ക്രിസ്തുവിൽ വേരൂന്നി വളരുക എന്ന വേദവചനമാണ് ഓർത്ത ഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 2018-2019 കാലയളവിൽ ചർച്ച ചെയ്യുന്നത്. പ്രസ്തുത വിഷയത്തിന്റെ സാമൂഹികമാനമാണ് ഈ ലേഖനത്തിൽ പരിശോധിക്കുന്നത്.

ക്രിസ്തുവിൽ ആഴപ്പെടുക എന്നാൽ സമൂഹത്തിൽ ക്രിയാത്മക മായി ആഴപ്പെടുക എന്നതാണ് അർത്ഥം. ഒരു വൃക്ഷത്തിന്റെ വളർ ച്ചാ സങ്കൽപ്പത്തെ ഈശ്വരനിലുള്ള ഭക്തന്റ വളർച്ചയുമാണ് കൊലോ സ്യ ലേഖനം ഒരർത്ഥത്തിൽ താരതമ്യം ചെയ്യുന്നത്. സമൂഹത്തിൽ നിന്ന് മാറ്റി നിർത്തിക്കൊണ്ട് ക്രിസ്തു ജീവിതത്തെ വിശകലനം ചെയ്യുവാൻ ആർക്കും സാധ്യമല്ല.

**(1) മാനവികത പ്രകാശിക്കുന്ന ക്രിസ്തു ജീവിതം**

ക്രിസ്തുവിന്റെ പിറവിയെപ്പറ്റി പറയുന്നത് സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷമെന്നാണ് (വി. ലൂക്കോസ്: 2 :10) ക്രൂശു മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും ലഭിച്ച രക്ഷ മനുഷ്യവർഗ്ഗത്തിനു മുഴുവനാണ്. വർഗ്ഗ, വംശ, ജാതി, മത, ദേശ, സംസ്കാര ഭിന്നതകൾക്കപ്പുറം സർവ്വ പ്രപഞ്ചത്തെയും സ്നേഹി ക്കുന്ന ക്രിസ്തുവിനെ നമുക്ക് തിരുവചനത്തിൽ കണ്ടെത്തുവാൻ കഴിയും. അതിനാൽ ക്രിസ്തുവിൽ ആഴപ്പെടുക എന്നാൽ ജീവിതം മാനവികത പ്രകാശിക്കുന്ന ഇടമായി മാറുക എന്നതാണ്.

പരോപകാരം പുണ്യമാണെന്നും പരപീഡനം പാപമാണെന്നും പഠിപ്പിച്ച ഒരു സംസ്കാരമാണ് നമ്മുടേത്. ബ്രഹ്മസാക്ഷാൽകാരം നേടുന്നത് പോലും തനിക്ക് മാത്രമാകരുത് എന്ന് മഹാകവി ഉള്ളൂർ പാടിയത് നാം ഓർക്കണം. സ്വാർത്ഥതയുടെ മതിലുകൾ തകർക്കുമ്പോഴേ സ്വർഗ്ഗരാജ്യം തുറന്നു കാണപ്പെടുകയുള്ളൂ. അവ തകർന്നു വീഴുമ്പോൾ ഭൂമി സ്വർഗ്ഗമായി മാറുന്നു എന്ന് ഗീതാഞ്ജലിയിൽ ടാഗോർ പ്രാർത്ഥിക്കുന്നു. മാനവികതയുടെ പ്രസ്തുത ദർശനങ്ങളെല്ലാം കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്ന ക്രിസ്തുവചനം ഉൾക്കൊള്ളുന്നു. കൂട്ടുകാരന്റെ ധനം, കുടുംബം, ജാതി, ദേശം സംസ്കാരം ഇവയൊന്നുമല്ല വിഷയിഭവിക്കേണ്ടത്. ആത്മോപദേശ ശതകത്തിൽ ''പരന് പരിതാപമേറ്റിടുന്നവർ നരകത്തിലെ എരിതീയിൽ വീഴുമെന്ന് സമൂഹത്തെ താക്കീത് ചെയ്യുന്നു''. ഭ്രഷ്ടിന്റെയും വിഭാഗിതയുടെയും മതിലുകളെ സ്നേഹത്തിന്റെ ഇടംകൊണ്ട് തച്ചുടച്ച് കളഞ്ഞ ക്രിസ്തു നമ്മോട് ആഹ്വാനം ചെയ്യുന്നത് ഓരോരുത്തരിലും മാനവികത വിളങ്ങണമെന്നാണ്.

### (2) നിലപാടുകൾ ഉള്ള ജീവിതം

ക്രിസ്തുവിൽ വേരൂന്നുക എന്നാൽ നിലപാടുകൾ ഉള്ളവനായി മാറുക എന്നതാണ്. കാരണം യേശുവിന് കൃത്യമായ നിലപാടുകൾ ഉണ്ടായിരുന്നു. തിന്മകളോടും പ്രലോഭനങ്ങളോടും വിട്ടുവീഴ്ച ചെയ്യുന്നവർക്ക് നിലപാടുകൾ നഷ്ടപ്പെടും. സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയില്ലാത്തവർ താങ്ങ് തപ്പി നടക്കും. മരുഭൂമിയിൽ പിശാചിനോട് അവൻ വേണ്ട എന്നു പറഞ്ഞു. ശമര്യരെ ദഹിപ്പിക്കാൻ അഗ്നി ഇറക്കട്ടെ എന്ന് പറഞ്ഞപ്പോൾ വേണ്ട എന്നു പറഞ്ഞു. അനുതപിക്കുന്നവരോട് അവൻ ഹൃദയം ചേർത്തുവച്ച് കാപട്യത്തിന്റെ അധികാരസ്ഥാനങ്ങളോട് യേശു കലഹിച്ചു.

വിവേകവും, സമദൃഷ്ടിയോടെ സകലതും വീക്ഷിക്കാനുള്ള മനോഭാവവും ഉണ്ടെങ്കിലെ നിലപാടുകൾ ഉണ്ടാകൂ. എങ്കിലേ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സ്പഷ്ടമാകൂ. കാൽവറിയിലേക്കും, ഉയിർപ്പിലേക്കുമുള്ള ക്രിസ്തുവിന്റെ യാത്ര യാദൃച്ഛികമല്ല. വ്യക്തമായ കാഴ്ചപ്പാടിന്റെയും നിലപാടിന്റെയും പരിണിത ഫലമാണത്. പ്രലോഭനം സൃഷ്ടിക്കുന്ന ലോകത്തിന്റെ നടുവിൽ നിലപാടു ഉള്ളവരെയാണ് ആവശ്യം.

''ഇരുമനസ്സുള്ളവർ തന്റെ വഴികളിലൊക്കെയും അസ്ഥിരൻ ആകുന്നു. (വി.യാക്കോബ്:1 :8) ൽ പറയുന്നു'' ഒരു വ്യക്തി നിലപാടുള്ള വ്യക്തിയായി മാറുമ്പോൾ അവരുടെ പ്രവർത്തനങ്ങൾ ക്രിയാത്മകം ആകും. ഭാരതീയ ചിന്തയിൽ ധർമ്മാനുസാരിയായി ചെയ്യുന്ന കാര്യങ്ങളാണ് ക്രിയാത്മകം എന്നു പറയുന്നത്. രാഗദ്വേഷത്തോടെ ചെയ്യുന്ന കാര്യങ്ങൾ പ്രതിക്രിയാത്മകം എന്നു പറയുന്നു. ഒരു സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടണമെങ്കിൽ വ്യക്തമായ നിലപാട് അനിവാര്യമാണ്.

''പ്രഭാതം ഇരുണ്ടതായിരിക്കുമ്പോഴും പാടുന്ന പക്ഷിയാണ് വിശ്വാസം'' എന്ന് ടാഗോർ പറയുന്നു. നിലപാടുകളുള്ള മനുഷ്യന്റെ അടിസ്ഥാനമാണ് വിശ്വാസം. ഒരു പ്രലോഭനത്തിനും അന്ധകാരത്തിനും നിലപാടുകളുള്ള മനുഷ്യന്റെ വിശ്വാസം തകർക്കുവാൻ കഴിയുകയില്ല. ബുദ്ധിമാൻമാർ തടാകംപോലെ ശാന്തമായിരിക്കും എന്ന ശ്രീബുദ്ധന്റെ മൊഴിപോലെ നിലപാടുകളുള്ളവർ ആത്യന്തിക ശാന്തി അനുഭവി ക്കുന്നവരും, സമൂഹത്തിന് ശാന്തി പകരുന്നവരുമായിരിക്കും.

### (3) കാരുണ്യപൂരിതമാകേണ്ട ജീവിതം

കരുണ നിറയുമ്പോഴാണ് ഹൃദയം തിരുഹൃദയമാകുന്നത്. പിതാവാം ദൈവത്തിന് പ്രപഞ്ചത്തോടു തോന്നിയ കരുണയുടെ മൂർത്തഭാവമാണ് ക്രിസ്തു. അതുകൊണ്ട് ക്രിസ്തുവിൽ വേരൂന്നുക എന്നാൽ കാരുണ്യത്താൽ നിറയുക എന്നതാണ്.

തള്ളിപ്പറഞ്ഞ ശിഷ്യനോട് അവന്റെ മനസ്സിൽ പൊടിഞ്ഞത് കാരുണ്യത്തിന്റെ കരുതൽ ആയിരുന്നു. കാണാതെപോയ ഒരു ആടിനോട് അവന് തോന്നിയ അലിവ് കാരുണ്യമായിരുന്നു. രക്തസ്രാവക്കാരി ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ തലപ്പിൽ അനുഭവിച്ചറിഞ്ഞത് കാരുണ്യത്തിന്റെ തീർത്ഥമായിരുന്നു.

ക്രിസ്തുമതത്തിൽ പ്രകാശിക്കുന്ന ഒരിടം ശമര്യാക്കാരന്റെ ഉപമയാണെന്ന് അഴീക്കോട് മാഷ് പറഞ്ഞിട്ടുണ്ട്. ഗിരിപ്രഭാഷണത്തിൽ ക്രിസ്തു മന്ത്രിച്ചു ''കരുണയുള്ളവർ ഭാഗ്യവാൻമാർ. അവർക്ക് കരുണ ലഭിക്കും'' (വി. മത്തായി 5:7)

കരുണ വറ്റിപോകുന്ന ലോകമാണിത്. കരുണവറ്റിയ മനുഷ്യർ ജലം വറ്റിയ കിണറിന് തുല്യമാണ്. പൊട്ടക്കിണർ വിതയ്ക്കുന്നത്

നിരാശയും, ഭയവുമാണ്. വാളെടുക്കുന്നവർ  വാളാൽ എന്ന് പറഞ്ഞ് അറുത്തിട്ട ചെവി തിരികെ കൊടുത്ത് ക്രിസ്തുസ്ഥാപിച്ച സാമ്രാജ്യം കാരുണ്യത്തിന്റേതാണ്.

കരുണയുള്ളവർ വസിക്കുന്ന സമൂഹത്തിനേ അഹിംസ പാലിക്കാൻ സാധിക്കൂ. ഇസ്ലാം മതത്തിന്റെ ദൈവസങ്കൽപ്പം കരുണയിൽ അധിഷ്ഠിതമാണ്. അല്ലാഹു റഹ്മാനും (കാരുണികൻ) റഹീമും (സ്നേഹസ്വരൂപൻ) ആണ്.

സമാധാനപൂരിതമായ ഒരു സമൂഹം സൃഷ്ടിതമാകാൻ കാരുണ്യം മനുഷ്യരിൽ നിറയണം. ഉപദ്രവി ച്ചവരോട് പൊറുക്കാൻ കഴിയുന്ന കാരുണ്യം നമ്മിൽ നിറയുമ്പോൾ അത് ക്രിസ്തുവിലേക്കുള്ള വേരിറക്കം തന്നെയാണ്.

**(4) നിയമ വഴികളെ മാനിക്കുക**

അധിവസിക്കുന്ന രാഷ്ട്രത്തിന്റെ നിയമങ്ങളെ മാനിക്കുക എന്നത് ഉത്തമ പൗരന്റെ ലക്ഷണമാണ്. താൻ ആയിരിക്കുന്ന ഇടങ്ങളുടെ നിയമവഴികളെ പാലിക്കുക എന്നത് ഉത്തമ വ്യക്തിത്വത്തിന്റെ ഭാഗവുമാണ്. നികുതി നൽകി കർത്താവ് കാട്ടിത്തരുന്ന മാതൃക ശ്രദ്ധേയമാണ്. പിലാത്തോസിന് കർത്താവിൽ നിയമവിരുദ്ധമായതൊന്നും കണ്ടുപിടിക്കാൻ കഴിയാഞ്ഞതിന്റെ കാരണം മാതൃകാ പൗരൻ ആയതുകൊണ്ടാണ്. എന്നാൽ കർക്കശമായ മതനിയമങ്ങൾക്ക് മനുഷ്യത്വത്തിന്റെ മുഖം വേണമെന്ന് അവൻ ആഗ്രഹിച്ചു. ശാബതിന് അവൻ മനുഷ്യത്വത്തിന്റെമുഖം കൊടുത്തു.

ക്രിസ്തുവിൽ വേരൂന്നി വളരുന്നവൻ നിയമവഴിക്ക് സഞ്ചരിക്കുന്നവൻ ആയിരിക്കണം. നിയമവഴിക്ക് സഞ്ചരിക്കുന്നവൻ അഴിമതികളോട് നിരന്തരം കലഹിക്കുന്നവനാണ്. അത്തരം കലഹങ്ങളാണ് ഒരു നല്ല സമൂഹ നിർമ്മിതിക്ക് കാരണമാകുന്നത്. യരുശലേം ദേവാലയത്തിൽ ചാട്ടവാർ ഏന്തുന്ന ക്രിസ്തു ക്രിയാത്മക സമൂഹ നിർമ്മിതിയുടെ മികച്ച ദൃഷ്ടാന്തമാണ്. സ്വന്തം താൽപ്പര്യത്തേക്കാൾ സാമൂഹ്യ താൽപ്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാൻ കഴിയുമ്പോഴാണ് നിയമവഴിക്ക് വേണ്ടി പോരാടാൻ കഴിയുന്നത്.

കോർപ്പറേറ്റുകൾ രാഷ്ട്രത്തെ വിഴുങ്ങുന്ന കാലമാണിത്. കഴിക്കുന്ന ഭക്ഷണം മുതൽ ബഹിരാകശത്തോളം അഴിമതിയുടെ വ്യാപ്തി അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്നു. നീതിയിൽ അധി

ഷ്ഠിതമായ ഒരു ബദൽ ജീവിത ശൈലി രൂപപ്പെടേണ്ടിയിരിക്കുന്നു. നേതാവിനെപ്പറ്റി പറയുന്നത് "A leader is the one who knows The Way, shows The Way and goes The Way" എന്നാണ് അതായത് വഴി അറിയുന്നവനും വഴി കാണിച്ചുകൊടുക്കുന്നവനും വഴിയെ സഞ്ച രിക്കുന്നവനുമാണ് നേതാവ്. നിയമവഴിയെ സഞ്ചരിക്കാൻ ക്രിസ്തു ജീവിതം നമ്മെ പ്രേരിപ്പിക്കുന്നു അതേസമയം അഴിമതിയോട് കല ഹിക്കുവാനും.

സാമൂഹ്യ ജീവിതത്തിന്റെ സമഗ്രതയിലേക്കാണ് ക്രിസ്തുവിന്റെ ജീവിതം വേരിറങ്ങുന്നത്. അത് നയിക്കുന്നത് വിശുദ്ധിയുടെ സ്വർ ഗ്ഗീയ ലോകത്തേക്കും. അതുകൊണ്ട് ക്രിസ്തുവിലേക്കുള്ള വേരോ ട്ടം സമൂഹത്തിലേക്കുള്ള ആഴ്ന്നിറങ്ങലാണ്.

(ഈ വിഷയം പഠിക്കാനുള്ള ചില സൂചനകൾ മാത്രമാണ് ഇത്)

# The call for Being rooted and built up in Christ

**Fr. Dr. Reji Mathew**

Dean of Studies, Old Seminary, Kottayam

As we examine the growth of the Early Church we will be spelt bound by observing the contributions of St. Paul in building Churches in various parts of the Roman Empire, in appointing appropriate leadership in those places and in training the believers in a sound Christian faith. The Church of Colossae was started by the mission of Epaphras (Col. 1:7; 4:12), an inhabitant of Colossae who became a disciple of Paul during his mission in Ephesus; the same person founded the Church of Laodicea and Hierapolis too. The Epistle of Colossians was written (around 60 CE) at a time when there were heretical teachings like *Gnosticism.* This erroneous teaching gave undue emphasis on *knowledge,* it did not consider Jesus Christ in the proper way and it led people to a wrong understanding of asceticism which included mortification of the body. Similarly, the Christian believers did not leave their old practices like observance of special days and their blind faith in stars. So what Paul tries to do in this epistle is conveying a right understanding about Christ and the true nature of a life in Christ. In the first chapter he describes the real per sonhood of Jesus Christ through a hymn (Col. 1:15-20) in which he describes Christ as the "image of the unseen God", as one who "reconciles all things to him" – of earth and heaven -, and as "head of the Church". In chapter two he talks about different aspects of the life of a believer.

We have to understand Col. 2:7 in this context: *Be rooted and built up in him, strengthened in the faith as you were taught, and overflowing with thankfulness.* St. Paul talks about four demands of God in this verse. Let us examine them one after the other:

1. The first one is an example from a plant. The fate of every plant is decided by the way in which it is "rooted". During my visit to California I have seen the forest of Californian Redwood, the tallest among trees. These trees "live for about 2000 years or more and they reach the stars", a friend told me; they are tall, strong and sturdy. Actually, their roots go deep to six to twelve feet only; but they intertwine for about an area of 100 feet and this is the secret of their length and age. For a believer too, the roots of his faith are very important. Some people do not possess a reliable base and they will be destroyed fast when they face negative forces. "God reconciled you by giving up to death the physical body of Christ, so that you may be without fault and holy and blameless before him" (Col. 1:22). That is why Paul asked the Colossians to "stand firm upon the foundation of faith" (Col. 1:23). Jesus tells us where to sow a seed in the parable of the sower (Mk 4:3-8). The seeds which fell on the roadside were eaten up by birds, those which fell on the rocks withered because it could not be rooted and those which fell among the thorn bush were chocked. Only the ones which fell on good soil could be rooted, it grew up and yielded grain. In another parable Jesus says: "I am the vine and you are the branches. As long as you remain in me and I in you, you bear much fruit; but apart from me you can do nothing" (Jn 15:5). You might have seen people with much education or plenty of money and other resources fail in their life. Their problem is this: They are not rooted in Christ as God wills. Therefore as young believers in Christ we have to be careful about our firm roots in Christ. When we are "rooted" in Christ, drawing strength from Him, constantly refreshed and enlivened by His Spirit flowing within us we flourish as people and our lives become fruitful. We develop qualities like ***love, joy, peace, patience, kindness, goodness, faithfulness, gentle ness and self-control*** much more than we would on our own. Like our Master when He was on Earth, we make the world around us a safer, kinder, more healthy, peaceful, charitable and just place. Christ-like Christians are necessary for a community!

2. The second demand of Paul from the Colossians is to "be built up in Christ". Paul takes an example of a building here. As a

tentmaker by profession Paul uses this metaphor when he talks about his Church planting in Corinth: “I, as a trained architect, according to the capacity God gave me, laid the foundation” (1 Cor. 3:10). In these days we were watching how beautiful buildings tumble down in the flood. Jesus sees those who are following his words as a building constructed on a rock; it will not fall down “if the rain pours, the rivers flood and the wind blows against it” (Mtt 7:25). So we also should have a planning about our life in totality. Some people think only about their near future; they will try to achieve things fast and they may be tempted to do unfair things for their fast growth. But unless we put a long term target about our life, we will be disappointed later. The short term targets are important, but the long term goals decide the fulfillment of our life. Remember that God has a design about your life. Jesus asks us: “Do you build a house without first sitting down to count the cost…?” (Lk 14:28). Actually many young people do not recognize this truth and they waste their time, enter into wrong relationships, develop destructive habits like alcohol drinking and drug abuse and undermine their real capacity and talents. In the First Epistle of St. Peter we read: “Drawing close to him (God), you as living stones are being built up into a spiritual temple” (1 Pet 2:5). This is clearer in another saying of the Bible: “Do you not know that you are God’s temple and that God’s spirit abides in you? If anyone destroys this temple, God will destroy him. God’s temple is holy, and you are that temple” (1 Cor. 3:16-17).

3. To be strengthened in the faith which they were taught is the third demand of Paul to the Colossians. St. Paul is always telling his disciples to stand firm against false and wrong teachers. As we sing in the hymn called *Paulus Sleeha* in the Holy Qurbana he asks us to be vigilant about false teaching: “Even if we or an angel from heaven should preach to you a Gospel different from what from the one we preached, may he be cursed” (Gal 1:18). Our Church is proud of the sound doctrines and the right kind of worship we have inherited from our fore-fathers. We read the long list of saintly teachers who codified the faith of the Church in the fifth Diptychs (Mal. *Ancham Thubden)* of our Holy Qurbana. The Church developed the Nicene Creed by answering a series

of wrong teachings about God, Christ, Holy Spirit and about Church. Whenever we are challenged by people with cunning ways of testing our faith we have just to read the prayers carefully. We will learn the true faith by participating in the worship services in general and in the Holy Qurbana in particular. They give us enough food for being strengthened in the *orthodox* (= true/ straight/right/unblemished) faith and worship. It is unfortunate that many boys and girls do not try to learn the rich treasures that we have in our Church and they turn to new faith communities which have no sound faith at all. People may tell you that your Church is full of problems and some of your leaders are bad. Know that we belong to a Church which produced thousands and thousands of saintly people – I do not mean the proclaimed saints only. Many are ruined by the flattery of those who lie in wait to deceive, and by the false disguises and fair appearances of evil principles and wicked practices. Paul's exhortation to his disciple Timothy is valid here: "guard what has been entrusted to you; avoid useless and profane words, as well as discussions arising from false knowledge. Some have departed from the faith in accepting such knowledge" (! Tim 6:20-21).

4. Finally, Paul asks the Colossians "to overflow with thankfulness". The problem of majority of the people is that they do not count the blessings which they receive from God. Instead, they will be murmuring against God for small things and for every mishap. Once a young boy was praying to the Lord for the money to buy an expensive pair of shoes. He was a little bit disappointed too, because God did not provide him what he asked for immediately. During that time he met another young fellow who had no feet to wear the shoes. Then only he realized that the feet themselves are the blessings of the Lord. For our spiritual training we need to visit hospitals. There we may meet many people who are thoroughly distressed due to various kinds of health issues. The visit may strengthen us in our dependence to God. There are numerous reasons for expressing our gratitude to God. We should be thankful to God for our life, health, education, talents, loving family, job etc. The Greek word for thanksgiving is

*eucharistia.* We use the same word for our Holy Qurbana, because what we do there is praising God and thanksgiving. St. Paul asked the Ephesian Church the following: "Gather together to pray with Psalms, hymns and spiritual songs. Sing and celebrate the Lord in your heart, giving thanks to God the Father in the name of Christ Jesus our Lord, always and for everything" (Eph 5:19-20). In this globalized world and the market economy people become more and more greedy; nobody is satisfied with the wealth, estates, positions or even sex. One of the things the real faithful need is to be satisfied with what God provides. St. Paul tells the Philippians: "I have learned to manage with what I have. I know what is to be in want and I know what is to live in abundance. I have learnt the secret of being content in all situations; to be well-fed or hungry, to have much or little. I can do all things in him who gives me strength" (Phil 4:11-13).

To sum up, St. Paul's words to the believers of the Church of Colossae are relevant for us today. We have to be rooted in Christ our savior, to be built up with the Word of God, to be strengthened by the age old faith that we inherit and to give thanks to God through our life. Let us not waste our talents and ruin our life. We shall say: "I feel as assured that now, as always, Christ will be exalted through my person, whether I live or I die. For me, to live is Christ and to die is profitable" (Phil 1:20-21).

# ക്രിസ്തുവിൽ വേരൂന്നി വളരുക

**കെ. എം മാത്യു, തിരുവല്ല**
(OCYM മുൻ ജനറൽ സെക്രട്ടറി)

യേശു ക്രിസ്തു ശിരസ്സായിരിക്കുന്ന ശരീരമാണ് സഭ എന്ന് വി: പൗലോസ് എഫേസ്യ ലേഖനത്തിൽ പ്രസ്ഥാവിച്ചിരിക്കുന്നു. (എഫേസ്യർ 1-23) ഓർമ്മശക്തിയുടെയും ചിന്താശക്തിയുടേയും കേന്ദ്രമാണല്ലോ, തലച്ചോറ്. തലയാണ് ശരീരത്തെ നിയന്ത്രിക്കുന്നത്. നാം ഓരോരുത്തരും സഭയുടെ അംഗങ്ങളായതുകൊണ്ട് നമ്മെ നയിക്കുന്നത് ശിരസ്സാകുന്ന ക്രിസ്തുവാണ്. നാം ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും യേശു ആഗ്രഹിക്കുന്ന പ്രകാരം ആയിരിക്കണം. അപ്പോൾ ക്രിസ്തുവിന്റെ വചനമായിരിക്കും നാം പ്രസംഗിക്കുന്നത്. നാം നടക്കുന്നത് ക്രിസ്തു കാണിച്ചുതന്ന വഴിയിലൂടെയാണ്. ശത്രുക്കളെ നാം സ്നേഹിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവിൻ. ഇതു നാം പാലിക്കാൻ ബാധ്യസ്ഥരാണ്. നമ്മുടെ ഏതു തിന്മയും സഭയ്ക്കു കളങ്കം ചാർത്തലായിരിക്കും.

**നാം മുന്തിരക്കൊമ്പുകൾ**

ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു. കൊമ്പിന് വള്ളിയിൽ വസിച്ചിട്ടില്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല. (യോഹ: 15-45) കൊമ്പ് ഫലം കായ്ക്കുന്നത് മുന്തിരിത്തണ്ട് നല്കുന്ന ജലവും പോഷകമൂല്യവും കൊണ്ടാണല്ലോ. അതായത് നാം ചെയ്യുന്ന നന്മകൾ എല്ലാം യേശുക്രിസ്തുവിന്റെ ആത്മാവ് നമ്മെ പ്രേരിപ്പിക്കുന്നതുകൊണ്ടാണ്. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് യേശു പറഞ്ഞു.

**ആറ്റരികത്ത് നില്ക്കുന്ന വൃക്ഷം**

ആറ്റരികത്തു നില്ക്കുന്ന വൃക്ഷം ഇല വാടാതെ ഫലം കായിച്ചു

കൊണ്ട് വളരുന്നു. (സങ്കീ-1) വെള്ളം ആവശ്യാനുസരണം ലഭിക്കുന്നതുകൊണ്ട് വളർന്നു കൊണ്ടിരിക്കും. ഇല വാടുകയില്ല. ഫലം പുറപ്പെടുവിക്കും. അതുപോലെ യേശു ക്രിസ്തുവിൽ ആശ്രയം വച്ചു ജീവിക്കുന്ന മനുഷ്യൻ തളരുകയില്ല. നന്മയാകുന്ന ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. അവൻതന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുന്നു. മറ്റുള്ളവർ നമുക്കു ചെയ്യണമെന്ന് നാം ആഗ്രഹിക്കുന്നത് നാം അവർക്കുചെയ്യുക എന്ന സ്വർണ്ണനിയമം പാലിക്കും. (വി: മത്തായി 7-12) നല്ല വൃക്ഷം നല്ല ഫലം പുറപ്പെടുവിക്കുന്നതുപോലെ നീതിമാൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കും. അവൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയും ചെയ്യും.

**കാര്യ വിചാരകർ**

ക്രിസ്തുവുമായി സജീവ ബന്ധത്തിലായിരിക്കുന്നവരാണ് ക്രിസ്തുവിന്റെ നല്ല കാര്യവിചാരകർ. ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവ മർമ്മങ്ങളുടെ ഗൃഹവിചാരകരും എന്നിങ്ങനെ ഓരോരുത്തരും എണ്ണിക്കൊള്ളട്ടെ. ഗൃഹവിചാരകരിൽ നിന്നും പ്രതീക്ഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രെ. (1 കോരി: 4-1,2) വിശ്വസ്തത (Honesty) എന്നത് ഒരു ക്രിസ്ത്യാനിയുടെ ഏറ്റവും വലിയ ഗുണമാണ്. പുരാതന കേരളത്തിൽ പലനാട്ടുരാജാക്കന്മാരും ക്രിസ്ത്യാനികളെ തങ്ങളുടെ സേവകരായി നിയോഗിച്ചിരുന്നു. അല്പത്തിൽ വിശ്വസ്തത അധിക്കത്തിനു വിചാരനാകും എന്നത് കർത്തൃവചനമാണ്. " Be faithful in small things because it is in them that your strength lies" ഇത് മദർ തെരേസയുടെ വാക്കുകൾ ആകുന്നു. ഇന്നത്തെ അപചയത്തിനു കാരണം കാര്യവിചാരകർക്ക് തങ്ങളുടെ കർത്തവ്യങ്ങളോട് വേണ്ടത്ര വിശ്വസ്തത ഇല്ല എന്നതാണ്. ദൈവമർമ്മങ്ങളുടെ വിചാരകർ ആയിരിക്കേണ്ടവർ വചനത്തിനനുസരിച്ച് ജീവിക്കുന്നില്ല. ഇത് വിപരീതഫലം ഉളവാക്കും. യഹോവയുടെ പ്രവൃത്തി ഉദാസീനമായി ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാകുന്നു. (യിരമ്യാവ് 48-10)

**എഴുന്നേറ്റു പ്രകാശിക്കുക**

ഇത് ദൈവകല്പനയാകുന്നു. (യെശ്ശയ്യാ. 60-1) ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞശേഷം നിങ്ങൾ വെളിച്ചമാകുന്നു എന്നും യേശു പറഞ്ഞു. ക്രിസ്ത്യാനികൾ യേശുവിനെ

പ്പോലെ ലോകത്തിന് വെളിച്ചം നല്കുന്നവരാകണം എന്ന് വ്യക്തം. മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. (വി: മത്തായി 5-14,15) ഈ പ്രസ്താവനയോടുകൂടിയാണ് കർത്താവ് ഗിരിപ്രഭാഷണം ആരംഭിക്കുന്നത്. വി. വൈദപുസ്തക പഠനം യേശുക്രിസ്തുവാകുന്ന ഊർജ്ജ സ്രോതസ്സുമായി നമ്മെ ബ ന്ധിപ്പിക്കുന്നു. ഏബ്രഹാം ലിങ്കൺ ഇത് ചെയ്തിരുന്നു. നിത്യേന വായിച്ചിരുന്നത് 34-ാം സങ്കീർത്തനമായിരുന്നു. അവങ്കലേക്കുനോക്കിയവർ പ്രകാശിതരായി എന്ന് അതിലുണ്ട്. (സങ്കീ.34-5)

**ഒരു നല്ല മാതൃക**

ക്രിസ്തുവിൽ വേരൂന്നി വളരുക എന്ന ആശയത്തിന് ഒരു നല്ല മാതൃകയാണ് സ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത. ദൈവ വചനം ജനഹൃദയങ്ങളിൽ വിതയ്ക്കുക എന്നതായിരുന്നു, തിരുമേനിയുടെ ജീവിത ലക്ഷ്യം. വി: വേദപുസ്തകപാരായണം തിരുമേനിക്ക് ശ്വാസോച്ഛ്വാസം പോലെ ആയിരുന്നു. വലുതോ ചെറുതോ ആയ മീറ്റിംഗുകൾ ആരംഭിക്കുന്നതിനുമുമ്പ് ദൈവ വചനം വായിച്ച് ധ്യാനിക്കുന്നത് പതിവാക്കിയ തിരുമേനി തൊട്ടതെല്ലാം പൊന്നാക്കി.

മാവേലിക്കരയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച ജോർജ്ജുകുട്ടി, എം.വി. ജോർജ്ജച്ചൻ, ദൈവിക സെമിനാരി പ്രൊഫസർ സുപ്രസിദ്ധ സുവിശേഷ പ്രസംഗകൻ, മെത്രാപ്പോലീത്ത, അറുപതിൽപരം ഗ്രന്ഥങ്ങളുടെ കർത്താവ്, അനേകം ഭക്തിഗാനങ്ങളുടെ രചയിതാവ്, ആലംബഹീനർക്കുവേണ്ടി അഭയകേന്ദ്രങ്ങൾ സ്ഥാപിച്ച ആൾ, സേവനസന്നദ്ധരായ കർത്തൃ ദാസന്മാരെ വിളിച്ചുടുപ്പിച്ച നേതാവ്, എന്നിങ്ങനെ വിവിധ നിലകളിൽ അദ്ദേഹം ദൈവ വിളിയോട് പ്രതികരിച്ചു.

കുറ്റി ഉറപ്പിക്കുക, കയറുകളെ നീട്ടുക, ദൈവത്തിന്റെ ശക്തിയാൽ ഞാൻ മതിൽചാടി കടക്കും, ശ്രീ യാർന്ന ദൈവം എല്ലാവർക്കും , ദൈവം ഹിന്ദുവിനും മുസൽമാനും, തുടങ്ങിയ പ്രവാചക ശബ്ദം കൺ വൻഷനുകളിൽ മുഴങ്ങിക്കേട്ടു. ദരിദ്രലോകത്തിൽ

ധനവാനായിരിക്കുന്നത് പാപമാണെന്ന് ഉറക്കെപ്പറയുവാൻ തിരുമേനി മാത്രമേ ധൈര്യം കാണിച്ചുള്ളൂ. അര നൂറ്റാണ്ടിൽ കൂടുതൽ തിരുമേനി ഓർത്തഡോക്സ് സഭയെ ധന്യമാക്കുകയും ഒരു നല്ല മാതൃക കാണിച്ചശേഷം 2012 ഫെബ്രുവരി 16 ന് തന്റെ പിതാവിന്റെ ഭവനത്തിലേക്ക് യാത്രയാവുകയും ചെയ്തു. ആതമീയ വിഹായസ്സിലെ വെള്ളി നക്ഷത്രമായി അദ്ദേഹം ശോഭിക്കുന്നു.

**പ്രാർത്ഥന എന്ന ഒറ്റമൂലി**

ക്രിസ്തുവിൽ വേരൂന്നി വളരുക എന്നാൽ നിരന്തരമായ പ്രാർത്ഥനയിലൂടെ ശക്തി പ്രാപിക്കുക എന്നർത്ഥം. യേശുക്രിസ്തു പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് നാല്പതു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. ഓരോ ദിവസവും തിരക്കിട്ട പ്രസംഗങ്ങൾക്കും, രോഗ ശമന പ്രവർത്തനങ്ങൾക്കും ശേഷം മലയിൽ കയറി മുട്ടിപ്പായി പ്രാർത്ഥിക്കുമായിരുന്നു. മാനവ രക്ഷ എന്ന ലക്ഷ്യത്തിനുവേണ്ടി ഗസ്തമനായിലെ പ്രാർത്ഥനമൂലം ശക്തി പ്രാപിച്ചു. പ്രാർത്ഥന നമ്മുടെയെല്ലാം ശ്രവണപുടങ്ങളിൽ ഉണ്ടല്ലോ. ക്രൂശിൽ കിടന്ന് പിടയുമ്പോഴും പ്രാർത്ഥിച്ച കർത്താവിനെ അനുകരിക്കാൻ നമുക്കു കർത്തവ്യമില്ലേ? ഇന്ന് വളരെ അലസമായി ചെയ്യുന്ന ഒരു ചടങ്ങായി പ്രാർത്ഥന മാറിക്കൊണ്ടിരിക്കുന്നു. പ്രാർത്ഥനാ മനുഷ്യരെ നാം ബഹുമാനിക്കുന്നു. അവരെപ്പറ്റി പ്രസംഗിക്കുന്നു. ക്രിസ്തുവുമായി സജീവ ബന്ധം പുലർത്തേണ്ടത് പ്രാർത്ഥനയിൽ കൂടിയാണെന്ന് നാം ഓർക്കുക. ആ ശക്തി സ്രോതസ്സിനോടു നമുക്കു ബന്ധപ്പെടാം.

# രൂപാന്തരത്തിന്റെ വെളിച്ചോത്സവം

**ഫാ. അജി കെ. തോമസ്** (OCYM ജനറൽ സെക്രട്ടറി)

ഹൃദയത്തിൽ വെളിച്ചം നിറയുമ്പോൾ ജീവിതം വെളിച്ചത്തിന്റെ ഉത്സവമായിത്തീരും. നമ്മുടെ ഇടയിൽ വെളിച്ചം പകരുന്ന വി. പൗലോസിന്റെ വചനങ്ങളാണ് നമ്മുടെ ചിന്താവിഷയ പഠനം.

യൗവ്വന ഹൃദയങ്ങൾ ജ്വലിച്ച് പ്രകാശിക്കണം. വശ്യമായ എണ്ണ പകരുന്ന വചസുകൾ. ജീവിതത്തിന്റെ പ്രവർത്തന മണ്ഡലത്തിലെ നിർണ്ണായകമായ കാലമാണ് യൗവ്വനം. ഇവിടെ ചില നിർണ്ണായകമായ തീരുമാനങ്ങൾ നമ്മുടെ ജീവിതത്തിൽ വഴിവെളിച്ചമാകുന്നു. യുവാവായ പൗലോസ് നൽകുന്ന ദർശനങ്ങൾ പൗരസ്ത്യ സഭയുടെ വി. കൂദാശയുടെ അർത്ഥ തലങ്ങളുടെ ബോധ്യതയാണ്.

**അറിവിന്റെ അന്വേഷണം**

ദൈവത്തിൽ വേരൂന്നുക എന്ന ആലങ്കാരിക പ്രയോഗം അറിവു തേടിയുള്ള പരമമായ അന്വേഷണമാണ്. നല്ല ഇടയനെ അനുഭവിച്ചറിഞ്ഞ് യാഥാർത്ഥ്യമാക്കുന്നു. ടോൾസ്റ്റോയി തന്റെ ആത്മകഥയായ "Confessions" എന്ന കൃതിയിൽ രേഖപ്പെടുത്തി ''ദൈവമില്ലാത്ത ജീവിതം അസാധ്യമായിത്തീരുന്നു. ദൈവത്തെ അറിഞ്ഞുകൊണ്ട് ജീവിക്കുന്നതാണ് യഥാർത്ഥ ജീവിതം. ദൈവ മഹിമയിൽ വിശ്വസിച്ച് ജീവിക്കുക. അപ്പോൾ ദൈവത്തെ അറിയുന്നവരായി ജീവിക്കും.'' കൗദാശിക ജീവിതത്തിന്റെ അടിസ്ഥാനം വിശ്വാസം. വചനത്തിൽ അധിഷ്ഠിതമായ അറിവിനെ വിശ്വാസത്തെ പകരുന്നതാണ് ആത്മീയത. ഇതാണ് കൈമാറി നൽകിയത്. പാരമ്പര്യം അടിസ്ഥാനം എന്നൊക്കെ നാം വിവക്ഷിക്കുന്നത്. അപ്പോ പ്രവൃ 2:45-47 'വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്ന് എണ്ണുകയും ജന്മ ഭൂമികളും വസ്തുക്കളും വിറ്റ് അവനവന് ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ട് ദിനം പ്രതി

ദേവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു.' വിശ്വാസം-ഒരുമിപ്പ്-ദേവാലയം -ഉല്ലാസം-ഹൃദയ പരമാർത്ഥത-കൃപ ക്രിസ്തുവിനെ വിശ്വാസത്തിൽ അറിയുന്നവരെ വചനത്തിന്റെ പഠനത്തിലൂടെ ക്രിസ്തുവിന്റെ ശരീരത്തിന്റയും രക്തത്തിന്റെയും അനുഭവത്തിലേക്ക് വേരൂന്നുക. ഇത് നേടുന്നത് ക്രിസ്തുവുമായുള്ള കൂട്ടായ്മയുടെ അഭ്യസനത്തിലൂടെയാണ്. ക്രിസ്തുവുമായുള്ള പാരസ്പര്യത്തിന്റെ കൂട്ടായ്മ. ക്രിസ്തീയ അഭ്യസനം ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുന്നതും ദൈവ വചനത്താൽ സംരക്ഷിക്കപ്പെടുന്നതുമാണ്.

**2. മനുഷ്യനായിത്തീരുക**

ദൈവസൃഷ്ടിയായ മനുഷ്യൻ മണ്ണിനാൽ നിർമ്മിതവും ദൈവത്തിന്റെ സ്വരൂപവും പ്രതിഛായയുമാണ്. ഇത് രൂപാന്തരത്തിനുള്ള മനുഷ്യന്റെ സാദ്ധ്യതയാണ്. ഈ സാധ്യത അനുഭവ വേദ്യമാകുന്നത് വി.കൂദാശ അനുഷ്ഠാനത്തിലൂടെയാണ്. ദൈവം മനുഷ്യനാകുന്നത് മനുഷ്യന്റെ രൂപാന്തരത്തിനായിട്ടാണ്. മണ്ണിന്റെ വീര്യം പൂവിന്റെ സൗന്ദര്യമായിത്തീരുന്നത് ചെടിയുടെ വേരുകൾ ആഴത്തിലേക്ക് ഇറങ്ങുമ്പോഴാണ്. കൗദാശിക ജീവിതം ക്രിസ്തീയ ജീവിതത്തിന്റെ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ ആഴമായ വേരുകളാണ്. ഡോ. രാധാകൃഷ്ണൻ "True Knowledge"എന്ന പുസ്തകത്തിൽ എഴുതി The weakness of the present generation is that it is rootless and the true function of a university is to take it back to it's roots. വേരുകളാണ് നിലനിൽപ്പും വളർച്ചയും രൂപാന്തരവും. ഇതിന് സഹായകമാകുന്നത് ക്രിസ്തു വിശ്വാസവും. വചനത്തിൽ അധിഷ്ടിതമായ കൗദാശിക ജീവിതവും അത് പടുത്തുയർത്തുന്നത് ഇളനീരിന്റെ ഔഷധമുള്ള മനുഷ്യനെയാണ്. ആറ്റരികത്തു നട്ടിരിക്കുന്നതും തക്ക കാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷങ്ങളായി ഓരോരുത്തരെയും രൂപാന്തരപ്പെടുത്തുന്നതും നില നിർത്തുന്നതുമായ ആത്മീയത.

**മനുഷ്യനിർമ്മിതി**

ക്രിസ്തുവിൽ വേരൂന്നി വളരുക എന്നാൽ ക്രിസ്തുവിന്റെ അ

സ്ഥിത്വവും വ്യക്തിത്വവും നേടിയെടുത്ത് പകരുക എന്നതാണ്. വി. പൗലോസ് അത് നേടിയെടുത്ത് കുറിച്ച വാക്കുകളാണ് ''ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി.''ഇത് അവബോധ മാണ്. ഈ സുബോധം മനുഷ്യഹൃദയങ്ങളിലേക്ക് പകരുക എന്ന താണ് ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാന ധർമ്മം. വി. പൗ ലോസ് ഇത് സ്വീകരിച്ചത് വി. സ്തെഫാനോസിന്റെ വാക്കുകളിലൂ ടെയാണ്. സ്തേഫാനോസിനെ കൊല്ലുവാൻ ശൗലിന്റെ സമ്മതം കല്ലുകളായി ശരീരത്തിൽ പതിയുമ്പോൾ നിണം മണ്ണിൽ വീഴു മ്പോൾ നാവിൽ നിന്ന് ഉതിർന്ന പ്രാർത്ഥനയുടെ സുഗന്ധം ക്രിസ്തു വിന്റെ സംസ്ക്കാരത്തെയും ഭാവത്തെയും ശൗൽ എന്ന മനുഷ്യനി ലേക്ക് പകരുകയായിരുന്നു. ക്രിസ്തു എന്ന അസ്ഥിത്വം വ്യക്തിത്വം അത് സ്തേഫാനോസിൽ നിന്ന് ശൗലിലേക്ക് മാറ്റപ്പെട്ടപ്പോൾ സം സ്ക്കരിച്ച് രൂപപ്പെടുത്തിയത് ഒരു പുതിയ മനുഷ്യനെയാണ്. ആ മനുഷ്യൻ മാനവ നിർമ്മിതിയ്ക്കായി കുറിച്ചിട്ട വരികളാണ്

''ക്രിസ്തുവിൽ വേരൂന്നി വളരുക''

**ഉപസംഹാരം**

ക്രിസ്തുവിനെ കുറിച്ചുള്ള അറിവാണ് പരമമായ ജ്ഞാനം ആ അറിവിനെ പ്രാവർത്തികമാക്കണം. മാനവ നിർമ്മിതിയ്ക്കായി യത് നിക്കാം. അറിവിനെ അനുഭവമാക്കുന്നവനാണ് യഥാർത്ഥ ജ്ഞാനി. അവനാണ് ജീവിത വിജയം നേടുന്നത്.

ദൈവവചനത്തിന്റെ പൊതുവിന്റെ ബോധ്യതയിൽ വചനം പാ ലിച്ച് കൗദാശിക ജീവിതത്തിന്റെ വിശുദ്ധിയോടെ യൗവന കാലത്ത് ജീവിക്കാം. നന്മയിൽ വളരാം.

# ഫലം ചൂടുവാനായൊരാത്മീയ പാഠം

**ഫാ. തോമസ് രാജു കരുവാറ്റ**
(സഹവികാരി, കറ്റാനം സെന്റ് സ്റ്റീഫൻസ് വലിയ പള്ളി)

വേരുകളില്ലാതെയും വേരുകളാഴ്ത്താതെയും വല്ലാതെയങ്ങ് വളരുവാൻ എല്ലാവരും കൊതിക്കുന്ന ഒരു കാലമാണിത്. പെട്ടന്നങ്ങ് പ്രശസ്തനാകുവാനും ഒറ്റയ്ക്കങ്ങ് ശ്രദ്ധിക്കപ്പെടുവാനും എത്രയധികം പേരാണ് ഒരേ സമയം നമ്മുടെ ചുറ്റുപാടും മത്സരിച്ചുകൊണ്ടിരിക്കുന്നത്. ഈ മത്സരത്തിന് ഭൗതിക- ആത്മീക മേഖലാ വ്യത്യാസമൊന്നുമില്ല-എല്ലായിടത്തും കാര്യങ്ങൾ ഇന്ന് ഏതാണ്ടൊരുപോലെ തന്നെയാണ്. ഇവിടെ മാറ്റത്തിന്റെ കനൽക്കാറ്റാകുവാൻ, മാതൃകയും മാന്യതയുമുള്ള ഒരുപറ്റം യുവാക്കളെ രൂപപ്പെടുത്തിയെടുക്കുവാൻ ഈ വർഷത്തെ ചിന്താവിഷയം പ്രയോജകീഭവിക്കട്ടെ.

ഒരു വൃക്ഷമായി മാറുവാനുള്ള ആഹ്വാനമാണ് വി. പൗലോസ് അപ്പോസ്തോലന്റേത്. (കൊലോ.2:7) കുറെക്കൂടി വിശദമായിപ്പറഞ്ഞാൽ ക്രിസ്തുവിൽ വേരുകളൂന്നി അവനിൽനിന്നും ഊർജ്ജമുൾക്കൊണ്ട് ശിഖിര-ശാഖികൾ പടർത്തി ഹരിതാഭമായ ഇലകൾ വിടർത്തി പ്രതികൂലതകളാകുന്ന പ്രളയത്തിലും ജീവനപായപ്പെടുത്താവുന്ന കാറ്റിലും കടപുഴകിവീഴാതെ തരുശാഖികളൊതുക്കി നിൽക്കുവാനും തലമുറകൾക്കായി ഫലം ചൂടുവാനും അനേകർക്ക് അപ്പവും അഭയവുമാകുവാനും നിശബ്ദമായി ഉയരങ്ങളിലേക്ക് വളരുവാനുമുള്ള അത്യന്തം ചേതോഹരമായ ഒരു ആഹ്വാനം. പക്ഷേ! എത്രയൊക്കെ ശ്രമിച്ചിട്ടും നമ്മിൽ പലർക്കും അങ്ങനെയൊരു വൃക്ഷമാകുവാൻ കഴിയാത്തതെന്തേ? ക്രിസ്തുവിലടിസ്ഥാനപ്പെട്ട നാമാകുന്ന വൃക്ഷത്തിന്റെ ആത്മീയ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നതെന്തെല്ലാമാണ്?

I

We Will Never Grow Unless We Want to Grow എന്ന ചൊല്ല് സുവ ദിതമാണല്ലോ. ദൈവവിശ്വാസത്തിലേക്കും സത്യാരാധനയിലേക്കു മൊക്കെ നമ്മെ കൈപിടിച്ച് നടത്തിക്കൊണ്ട് വന്നവർ ആത്മീയജീ വിതത്തിന്റെ ഒരു ആധാരശില നമ്മുടെയൊക്കെയുള്ളിൽ സ്ഥാപി ച്ചിട്ടുണ്ട് എന്നതിന് തർക്കമൊന്നും വേണ്ട. പക്ഷേ! എപ്പോഴോ എവി ടെയോ ഈ ആത്മീയ തീക്ഷ്ണത തണുത്തുറയുവാൻ തുടങ്ങിയിട്ടു ണ്ട്. കേൾക്കുന്ന വാർത്തകളും കാണുന്ന മുഖങ്ങളും ചെന്നെത്തുന്ന ഇടങ്ങളുമെല്ലാം ഈ മരവിപ്പിന് വല്ലാതെ ആക്കം കൂട്ടുന്നുമുണ്ട്. പ്രത്യാശ നശിച്ചവരെപ്പോലെ പൂർവ്വകാലത്തെ ആത്മീയതേജസ്സു കളുടെ പ്രകാശമുള്ള കാലത്ത് ജീവിച്ചാൽ മതിയായിരുന്നു എന്ന് പതംപറഞ്ഞ് ആത്മീയ വൃക്ഷമാകുവാനുള്ള നിയോഗം ഓരോരു ത്തരായി വഴിയിലുപേക്ഷിക്കുന്നു. പ്രത്യാശയുള്ളവരായി ദൈവ ത്തോടും മനുഷ്യരോടുമുള്ള നമ്മുടെ നിയോഗങ്ങൾ ഭംഗിയായി നിറവേറ്റി-കർമ്മം ബാക്കി നിൽക്കുമീ മഹായാത്ര പൂർത്തിയാക്കു വാൻ നമുക്കാവണം. ബുദ്ധൻ പാഠമോതുന്നപോലെ It's crucial to keep hope, even in tough times. If we lose our hope, that's our real disaster. **അതെ! പ്രത്യാശയാണ് പ്രധാനം.** സുറിയാനി പിതാക്കൻ മാർ വി. സഭയെ നോഹയുടെ പെട്ടകത്തോടാണല്ലോ സാധർമ്മ്യപ്പെടു ത്തിയിരിക്കുന്നത്-പ്രളയകാലത്ത് ഒരുപറ്റം ആളുകളുടെ ജീവ നും ജീവിതവുമൊക്കെ സംരക്ഷിച്ച പെട്ടകം. പുറത്ത് എന്തെല്ലാമൊ ക്കെയോ ആയിക്കൊള്ളട്ടെ അവനിൽ വേരൂന്നി വളരുന്നവരുടെ തായ്‌വേര് വെട്ടുവാൻ കെൽപ്പുള്ള ഒരു പ്രളയവും ഇതുവരെയും ഉണ്ടായിട്ടില്ല. നാമൊക്കെ പെട്ടകത്തിനുള്ളിൽ നിന്നുകൊണ്ട് നമ്മു ടെ നാഥനും രക്ഷിതാവുമായ ക്രിസ്തുവിൽ വേരൂന്നി വളരുവാൻ പ്രത്യാശയോടെ സന്നദ്ധരായാൽ മാത്രം മതി.

II

ആത്മീയ പരിപക്വതയ്ക്കും ഫലദായകമായ വളർച്ചയ്ക്കും തട സ്സമായി നിൽക്കുന്ന അഞ്ചുകാര്യങ്ങളെക്കുറിച്ച് ശ്രീബുദ്ധൻ പറ യുന്നുണ്ട് (Five Impediments and Hindrances) അതിൽ ആദ്യത്തേത് ഒടുങ്ങാത്ത ഇന്ദ്രിയ ആസക്തികളാണ് (Sensual desire) ഒന്നോർ ത്താൽ അനുദിനം ഏതൊക്കെ തരത്തിലുള്ള വികാര വിചാരങ്ങ ളുടെ വേലിയേറ്റങ്ങളാണ് നമ്മിലുണ്ടാവുന്നത്. ഇന്ദ്രിയങ്ങളെല്ലാം

കൂടി സ്വർഗ്ഗത്തോളമെത്തുവാനുള്ള നമ്മുടെ വിളിയെയും തിരഞ്ഞെടുപ്പിനെയും തടുക്കുവാനുള്ള തത്രപ്പാടിലും അവനിലടിസ്ഥാനമിട്ട വേരുകൾ പിഴുതെറിയുവാനുള്ള തിരക്കിലുമാണ്. ആത്മീയ വളർച്ചയെ മുരടിപ്പിക്കുന്ന ഇടർച്ചകളാണ് എങ്ങും കാണുവാനാകുന്നത്. നിയമങ്ങളിൽ കാരുണ്യം നിഴലിക്കണമെന്ന് വാദിച്ച് ശാബതാചരണത്തെപ്പോലും ലഘൂകരിച്ച ക്രിസ്തു ഇടർച്ചകളോടുള്ള സമീപനത്തിൽ കാർക്കശ്യക്കാരനണെന്നത് മറക്കരുത്. ആർക്കെങ്കിലും ഇടർച്ച വരുത്തുന്ന ജീവിതങ്ങളാണ് നിങ്ങളുടെതെങ്കിൽ മനുഷ്യരുടെ കൺവെട്ടത്തുനിന്നും നിങ്ങളുടെ നിഴലുപോലും അവരുടെമേൽ വീഴാത്തരീതിയിൽ  സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് പോകുവിൻ എന്നാണ് അവന്റെ ആഹ്വാനം.

അവയവങ്ങൾ വഴിയായി വരുന്ന ഇടർച്ചകളെക്കുറിച്ചും ക്രിസ്തുവിന് പറയുവാനുള്ളത് അവയെ പിഴുതെറിയുക എന്ന മട്ടിലുള്ള ഉപദേശമാണ്. സെൻഗുരുക്കൻമാർ പറയാറുണ്ടത്രേ ഒരുവന്റെ മഹത്വം നിർണ്ണയിക്കപ്പെടുന്നത് മൂന്ന് കാര്യങ്ങളോടുള്ള അവന്റെ നിലപാടുകളിലാണെന്ന്-അധികാരം, ധനം, സ്ത്രീ.ക്രിസ്തുവിന്റെ ഉപദേശത്തിലും ഈ മൂന്ന് കാര്യങ്ങളോടൽപ്പം അകലം പാലിക്കണമെന്ന ധ്വനിയില്ലേ? ശിഷ്യൻമാർക്ക് കൊടുക്കുന്ന ഉപദേശം (വി.മത്തായി 10) ഈവകകാര്യങ്ങൾ വ്യക്തമാക്കുന്നുമുണ്ട്. അധികാരത്തിന്റെ ചെങ്കോലുകളും കനമുള്ള മടിശ്ശീലകളും ഉചിതമല്ലാത്ത ആതിഥ്യങ്ങളും നിങ്ങൾ സ്വീകരിക്കരുത് എന്ന് തന്നെയാണ് ക്രിസ്തു പറഞ്ഞത്. പലതിനോടും അറ്റാച്ച്ഡ് ആകാൻ മാത്രം പഠിക്കാതെ ഡിറ്റാച്ച്മെന്റുകൂടി പരിശീലിക്കുന്നതാണ് നല്ലതെന്നർത്ഥം. സീയോൻ സഞ്ചാരികളെന്ന് അഭിധാനമുള്ള നമുക്ക് സഞ്ചരിച്ച് തീർക്കുവാനേറെ ദൂരമുണ്ട്. ബലഹീനമായ ഒരവയവം മതി എല്ലാ നിർമ്മലതകളും നഷ്ടമാക്കുവാൻ എന്ന ബോധ്യത്തിൽ നിന്നിൽ നിന്നും ഞങ്ങളെ അകറ്റുന്നതായ സകലത്തിൽ നിന്നും കർത്താവേ ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ എന്ന പ്രാർത്ഥനയോടെ ഫലം ചൂടുന്ന ആത്മീയ വൃക്ഷങ്ങളായി നമുക്ക് രൂപാന്തരപ്പെടാം. ചുട്ടുപൊള്ളുന്ന ഈ ലോകജീവിതമാകുന്ന മരുഭൂയാത്രയിൽ ഉഴലുന്ന കുറച്ചുപേർക്കെങ്കിലും നാമൊരു ആത്മീയ തണലാകട്ടെ.

# ക്രിസ്തു പകർന്ന വേരുകൾ: സ്ത്രീപക്ഷ വായന

**ഡോ. ജെയ്സി കരിങ്ങാട്ടിൽ**
(OCYM കേന്ദ്ര മുൻ സെക്രട്ടറി)

ഒരു വൃക്ഷത്തെ മണ്ണിൽ ഉറപ്പിച്ചു നിർത്തുന്നതും ആവശ്യമായ ജലം, പോഷണം എന്നിവ വലിച്ചെടുത്ത് വൃക്ഷത്തിന്റെ ജീവൻ നിലനിർത്തുന്നതും അതിന്റെ വേരുകളാണ്. പക്വമായ മണ്ണും അന്തരീക്ഷവും ഉണ്ടാകുമ്പോൾ വേരുകൾ ശക്തിപ്പെടും. നല്ല നിലത്തു വീഴുന്ന വിത്തുകൾ വേരൂന്നി ഫലപുഷ്ടമാകുന്നു. ശക്തമായി ആഴത്തിൽ വേരൂന്നിയ വൃക്ഷം ഏതു പ്രതികൂലതകളെയും അതിജീവിക്കും. വേരുകൾ അദൃശ്യ സാന്നിദ്ധ്യമായി നിശബ്ദ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്. അത്യാവശ്യ ഘട്ടങ്ങൾക്ക് ആവശ്യമായ പോഷണവും സംഭരിച്ചുവയ്ക്കുവാൻ വേരുകൾക്ക് കഴിയും. വേരുകൾ ആഴത്തിൽ വേരൂന്നുന്നത് അത് നിലനിൽക്കുന്ന ഭൂമിയുടെ വളക്കൂറിന് അനുസരിച്ചാണ്. വേര് നഷ്ടപ്പെട്ടാൽ വൃക്ഷത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും. ക്രിസ്തുവിൽ വേരൂന്നി വളരുന്ന ഒരു സമൂഹത്തിൽ മാത്രമേ സ്ത്രീ-പുരുഷ സമത്വത്തിൽ അധിഷ്ഠിതമായ സാംസ്കാരിക മുന്നേറ്റവും വികസനവും ഉണ്ടാകുകയുള്ളൂ. ക്രിസ്തുവിൽ വേരൂന്നി വളരുന്ന ഒരു സമൂഹത്തിന്റെ മാതൃക ക്രിസ്തു പകർന്നു നൽകിയ ജീവിത പാഠങ്ങളാണ്.

യേശു സ്ത്രീകൾക്ക് നൽകിയ ആദ്ധ്യാത്മിക വേരുകൾ വിമോചനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അംഗീകാരത്തിന്റെയും പുത്തൻ പ്രകാശമാണ്. യേശു സ്ത്രീകൾക്ക് സുരക്ഷിതത്വം നൽകിയതുവഴി പുതിയ മാനവികതയുടെ സംസ്കാരം സൃഷ്ടിച്ചു. പുരു

ഷനോടൊപ്പം സ്ത്രീകൾക്കും പങ്കാളിത്തം നൽകി ദൈവരാജ്യത്തിൽ സ്ത്രീ-പപുരുഷ തുല്യതയിൽ കേന്ദ്രീകൃതമായ വ്യവസ്ഥിതികൾക്ക് പ്രാരംഭമിട്ടു.

പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് ക്രിസ്തു പകർന്ന ആദ്ധ്യാത്മിക വേരുകളുടെ അർത്ഥം എന്താണ്. ക്രിസ്തുവിൽ വേരൂന്നി വളരുന്ന സമൂഹത്തിന്റെ താത്വിക തലങ്ങൾ എന്തെല്ലാമാണ്? സ്ത്രീപക്ഷ കാഴ്ചപ്പാടിൽ ക്രിസ്തു പകർന്ന വേരുകളുടെ വേദദർശനങ്ങൾ വളരെ അന്വർത്ഥമാണ്.

**1. സഖിത്വത്തിന്റെ വേരുകൾ**

യേശുവിന്റെ പരസ്യശുശ്രൂഷയിൽ അനേകം സ്ത്രീകൾ പങ്കാളികളായി. സ്ത്രീകളെ സഖിത്വത്തിലും ശിഷ്യത്വത്തിലും അകറ്റി നിർത്തിയിരുന്ന സാമൂഹിക പശ്ചാത്തലത്തിൽ യേശു സ്ത്രീകളെയും ശുശ്രൂഷയിൽ പങ്കാളികളാക്കി. യഹൂദ റബിമാർ സ്ത്രീകൾക്ക് ബോധന പ്രക്രിയയും പരസ്യശുശ്രൂഷയും നിഷേധിച്ചപ്പോൾ യേശു സ്ത്രീകളുടെ സഖിത്വം ഉൾക്കൊണ്ടു. യേശുവിന്റെ ബോധന പ്രവർത്തനങ്ങളിൽ പുരുഷന്മാരോടൊപ്പം അനവധി സ്ത്രീകളും പങ്കുചേർന്നു. യേശുവിനെ അനുഗമിക്കുന്നതിലും പരിചരിക്കുന്നതിലും സ്ത്രീകളെ അനുവദിച്ചു. യേശുവിനോടൊപ്പം 'പന്ത്രണ്ടു ശിഷ്യരും' അനവധി സ്ത്രീകളും ഉണ്ടായിരുന്നു (ലൂക്കോ. 8:1–3). പേരു വെളിപ്പെടുത്താത്ത അനേകം സ്ത്രീകൾ ഗലീലമുതൽ യേരുശലേം വരെ യേശുവിനെ അനുഗമിച്ചു (മർക്കോ. 15:41).

സ്ത്രീകളോടുള്ള സമീപനത്തിൽ വേർതിരിവോ വിവേചനമോ യേശു പുലർത്തിയിരുന്നില്ല. അവരുടെ അന്തസ്സും മഹത്ത്വവും ഉൾക്കൊണ്ട് അംഗീകരിച്ച് സുരക്ഷിതത്വം പകർന്നു. അതിനാൽ പുരുഷശിഷ്യർ എല്ലാം  കാൽവറിയിലെ ക്രൂശിന്റെ സമീപത്തുനിന്നും അപ്രത്യക്ഷരായപ്പോഴും സ്ത്രീകളുടെ വലിയൊരു സമൂഹം 'സ്വന്തം സുരക്ഷിതത്വം' വിസ്മരിച്ച് യേശുവിനെ പിന്തുടർന്നു. ക്രൂശിൽ കിടക്കുന്ന യേശുവിനെ ദൂരത്തുനിന്നും നോക്കുവാനും (മർക്കോ. 15:40) കബറടക്കിയ സ്ഥലം കണ്ടെത്തുവാനും (മർക്കോ. 15:47) സു ഗന്ധവർഗ്ഗങ്ങൾ വാങ്ങി സംസ്ക്കാരത്തിൽ പങ്കുചേരാനും (മർക്കോ. 16:1) സ്ത്രീകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 'പന്തിരുശിഷ്യരി'ൽ യോഹന്നാൻ ഒഴികെ എല്ലാവരും ചിതറിപ്പോയി. യേശു സ്ത്രീകളെ അംഗീ

കരിക്കുകയും സഖികളാക്കുകയും ചെയ്തപ്പോൾ സ്ത്രീകളും യേ ശുവിനെ അന്ത്യത്തോളം അനുഗമിച്ച് പീഡാനുഭവത്തിനും (മർക്കോ. 15:40-41) ഉയിർപ്പിനും മുഖ്യസാക്ഷികളായി. ക്രിസ്തുവിൽ വേരൂന്നി വളരുമ്പോൾ എല്ലാവരെയും ഉൾക്കൊള്ളുന്ന സഖിത്വത്തിന്റെ ദർശനങ്ങൾ പങ്കുവയ്ക്കാൻ കഴിയും.

**2. അംഗീകാരത്തിന്റെ വേരുകൾ**

യേശുവിന്റെ പരസ്യ ശുശ്രൂഷയിൽ സ്ത്രീകളെ അംഗീകരിച്ചു. സാമൂഹിക വ്യവസ്ഥിതികൾ സ്ത്രീകൾക്ക് എതിരായപ്പോഴും അവരെ അംഗീകരിക്കുകയും അനുകമ്പ പകരുകയും ചെയ്തു. സ്ത്രീത്വത്തെ നിഷേധിക്കുന്ന സാമൂഹിക വ്യാഖ്യാനങ്ങളെ യേശു ചോദ്യം ചെയ്ത്, സ്ത്രീ സമൂഹത്തെ ആർദ്രതയോടെ സമീപിച്ചു.

കൂനിയായ സ്ത്രീയെ യേശു സ്പർശിക്കുകയും അബ്രാഹാമിന്റെ മകളെന്നു (ലൂക്കോ. 13:16) വിശേഷിപ്പിക്കുകയും ചെയ്തു. രക്തം അശുദ്ധിയുടെ പ്രതീകമെന്ന് (ലേവ്യ 15) തെറ്റിദ്ധരിച്ചിരിക്കുന്ന സമൂഹത്തിൽ, രക്തസ്രാവക്കാരി യേശുവിനെ സ്പർശിച്ചപ്പോൾ 'എന്നെ തൊട്ടത് ആര്' എന്ന് അന്വേഷിക്കുന്നു. യേശു സ്ത്രീ യെ അംഗീകരിച്ച് 'മകളെ' എന്ന് അഭിസംബോധനചെയ്യുന്നു. 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോകുക' എന്നും (ലൂക്കോ. 8:48) ആശീർവദിക്കുന്നു. അശുദ്ധയെന്നു യഹൂദ സമൂഹം മുദ്രയിട്ട രക്തസ്രാവക്കാരിയെ യേശു അംഗീകരിച്ച് യഹൂദ മനോഭാവത്തെ തിരുത്തുകയാണ്. ശമര്യാക്കാരിയുമായുള്ള സംഭാഷണം ജാതിയ വേർതിരിവുകളുടെ ഘടനകളെയും ചട്ടക്കൂട്ടുകളെ യും യേശു തകർക്കുന്നു. യേശുവുമായുള്ള കൂടിക്കാഴ്ച ശമര്യ സ്ത്രീയെ ദൈവിക ശുശ്രൂഷയിലേക്കു നയിക്കുന്നു.

യഹൂദ നിയമത്തിലും ന്യായത്തിലും രണ്ടുതരം സമീപനവും വ്യാഖ്യാനവും പുലർത്തിയ യഹൂദ നടപടികളെ യേശു ചോദ്യം ചെയ്യുന്നു. സ്ത്രീക്ക് ഒരു നിയമവും പുരുഷന് മറ്റൊന്നും. ഇത്തരം ആൺകോയ്മയുടെ അനീതി നിറഞ്ഞ നിയമ ഘടനയെ യേശു പൊളിച്ചെഴുതുന്നു. സ്ത്രീകളെ കരുണയോടെ സമീപിക്കുവാനും അംഗീകരിക്കുവാനും ശുശ്രൂഷിക്കുവാനും യേശുവിന് കഴിഞ്ഞു. യഹൂദ നിയമ സംവിധാനങ്ങൾക്ക് ഇതൊരു വെല്ലുവിളിയായിരുന്നു. ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച മനു

ഷ്യർ പരസ്പരം അംഗീകരിക്കുവാനും കാരുണ്യം പകർന്നു നൽകുവാനും ക്രിസ്തുവിൽ വേരൂന്നി ജീവിച്ചെങ്കിൽ മാത്രമേ കഴിയുകയുള്ളൂ.

**3. ജ്ഞാനത്തിന്റെ വേരുകൾ**

വേദപഠനങ്ങൾ ബോധപൂർവ്വം സ്ത്രീകൾക്ക് നിഷേധിച്ച കാലത്താണ് യേശു പരിജ്ഞാനത്തിന്റെ വിശകലനങ്ങൾ സ്ത്രീകൾക്ക് പങ്കിട്ടത്. യേശുവിന്റെ ഉപദേശങ്ങളിലും പഠിപ്പിക്കലുകളിലും സ്ത്രീകൾ അനവധിയായി പങ്കുചേർന്നു. വേദപഠനവും വിശകലനവും പുരുഷന് മാത്രം പ്രാപ്യമെന്നു കരുതിയ വ്യവസ്ഥിതിയിൽ സ്ത്രീകൾക്ക് ജ്ഞാനത്തിന്റെ വേദവിശകലനം യേശു നൽകുന്നു. ബോധന പ്രക്രിയയിലും വിവിധ ശുശ്രൂഷയിലും സ്ത്രീകൾക്ക് പങ്കാളിത്തം വഹിക്കുവാനുള്ള ഉത്തരവാദിത്വമുണ്ടെന്ന് യേശു സഹോദരിമാരായ മർത്തയോടും മറിയത്തോടും പ്രബോധിപ്പിക്കുന്നു (ലൂക്കോ. 10:37–42). ദൈവ വചനം പഠിക്കുവാൻ യേശു മറിയത്തിന് അവസരം ഒരുക്കുന്നു. ക്രിസ്തുവിജ്ഞാനീയത്തിലെ പല തത്വങ്ങളും യേശു സ്ത്രീകൾക്കാണ് വെളിപ്പെടുത്തിയത്.

ശമര്യാക്കാരിയോടുള്ള സുദീർഘ സംഭാഷണത്തിൽ 'യേശു മശിഹായാണെന്ന്' വെളിപ്പെടുത്തുന്നു (യോഹ. 4:5–42). മരിച്ചവരെ ഉയിർപ്പിക്കുന്ന സംഭവങ്ങളിലും സ്ത്രീ സാന്നിദ്ധ്യം ഉണ്ട്. യായിറോസിന്റെ മകളെ ഉയിർപ്പിക്കുമ്പോഴും (മത്താ. 9:18–26, മർക്കോ.5:21–43, ലൂക്കോ. 8:40–56), നയിനിലെ വിധവയെ കണ്ട് മനസ്സലിഞ്ഞ് മകനെ ഉയിർപ്പിക്കുമ്പോഴും (ലൂക്കോ. 7:11–17), ലാസറിനെ ഉയിർപ്പിക്കുമ്പോഴും (യോഹ. 11:1–44) സ്ത്രീകളുടെ സാന്നിദ്ധ്യം ശ്രദ്ധിക്കപ്പെടുന്നു. കാനാന്യസ്ത്രീയുമായി യേശു വേദശാസ്ത്ര സംവാദത്തിൽ ഏർപ്പെടുന്നുണ്ട് (മത്താ. 15:21–28, മർക്കോ. 7:24–30). ശമര്യാക്കാരി സ്ത്രീയോടു 'ഞാൻ മശിഹാ' ആണെന്ന് വെളിപ്പെടുത്തിയങ്കിൽ (യോഹ. 4:26) സ്ത്രീകളുമായുള്ള സംഭാഷണത്തിൽ മാർത്തയോടും പ്രഖ്യാപിക്കുന്നതാണ്, 'ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു'വെന്ന് (യോഹ.11:25). ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടതിന്റെ പ്രഥമ സാക്ഷ്യവും സ്ത്രീയാണ്-മഗ്ദലനക്കാരി മറിയ (യോഹ. 20:18).

യേശുവിൽ നിന്നും ഉൾക്കൊണ്ട വേദവചനത്തിലൂടെ ശമര്യാ

പട്ടണത്തിൽ സാക്ഷ്യം പറഞ്ഞു. ശമര്യർ യേശുവിൽ വിശ്വസിച്ചു (യോഹ. 4:39). യേശുവിന്റെ സുവിശേഷം ആദ്യമായി ലോകത്തെ അറിയിച്ചത് സ്ത്രീയാണ്. ഉയിർത്തെഴുന്നേറ്റ യേശുവിനെ ആദ്യ മായി സാക്ഷിച്ചതും സ്ത്രീയാണ് (യോഹ. 20:18). അതിനാൽ മഗ്ദ ലനമറിയം അപ്പോസ്തോലന്മാരുടെ അപ്പോസ്തോലയാണ്.

വേദപരിജ്ഞാനത്തിന്റെ ശാസ്ത്രീയ വിശകലനങ്ങൾ ഉൾ ക്കൊള്ളുവാൻ സ്ത്രീകൾക്ക് പ്രാപ്യതയും കഴിവും ഉണ്ടെന്ന് യേശു മനസ്സിലാക്കുകയും അതിൻപ്രകാരം സ്ത്രീകളെ പ്രബോധിപ്പിക്കു കയും ചെയ്തു. വേദപ്രബോധന ശുശ്രൂഷകളിൽ സ്ത്രീകൾക്ക് സുരക്ഷിതമായി പ്രവർത്തിക്കുവാൻ കഴിയുമെന്ന് യേശു വെളിപ്പെ ടുത്തുന്നു. ദൈവരാജ്യമൂല്യങ്ങളിൽ അധിഷ്ഠിതമായ ജ്ഞാനം ലഭ്യ മാകുമ്പോൾ സ്ത്രീ-പുരുഷ സമത്വം ഉൾക്കൊള്ളുവാൻ കഴിയും. അതിന് ക്രിസ്തുവിൽ വേരൂന്നി വളരണം.

**4. സുരക്ഷിതത്വത്തിന്റെ വേരുകൾ**

യേശു സ്ത്രീകൾക്ക് സാമൂഹിക സുരക്ഷിതത്വം പകർന്നതി ന്റെ നിരവധി അടയാളങ്ങളുണ്ട്. യഹൂദ സമൂഹം പുലർത്തിയ ആൺ കോയ്മ സ്ത്രീകൾക്ക് കല്പിച്ചു നൽകിയ അതിർവരമ്പുകൾക്ക പ്പുറത്തേക്ക് യേശു സ്ത്രീകളെ നയിച്ചു. യഹൂദ സമൂഹം സ്ത്രീക ളോട് പുലർത്തിയ മുൻവിധികളെ യേശു തകർത്തു. യേശുവിനെ അനുഗമിച്ചും ശുശ്രൂഷിച്ചും നിരവധി സ്ത്രീകൾ (മർക്കോ. 15:41) പരസ്യശുശ്രൂഷയിൽ പങ്കുചേർന്നു. എന്നാൽ സ്ത്രീവിരുദ്ധമായ പ്രസ്താവനകളോ നിഷേധ പരാമർശങ്ങളോ യേശു നടത്തിയിട്ടില്ല. സ്ത്രീ പുരുഷ സമത്വത്തിന്റെ കാഴ്ചപ്പാടാണ് പങ്കിട്ടത്. സ്ത്രീകൾ ക്ക് യേശു തന്നെ സുരക്ഷിതത്വത്തിന്റെ അടയാളമായി തീർന്ന് വിമോചനത്തിന്റെ മാതൃക പകർന്നു.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയ്ക്കും (യോഹ. 8:2-11) രക്ത സ്രാവക്കാരിക്കും (മർക്കോ. 5:24-34) ശമര്യാക്കാരിയ്ക്കും (യോ ഹ. 4:5-42) പാപിയായ സ്ത്രീയ്ക്കും (ലൂക്കോ. 7:36-50) എല്ലാം യേശു യഹൂദ നിയമങ്ങൾക്കും അനുശാസനങ്ങൾക്കും ഉപരിയായ കാരുണ്യത്തിന്റെ സ്പർശം പകർന്നു. അവർക്ക് യേശു പകർന്നത് സാമൂഹിക സുരക്ഷിതത്വത്തിന്റെ ദർശനങ്ങളാണ്.

യേശു കാൽവറിയിൽ വഹിച്ച കുരിശും കിരീടവും ചൊരിഞ്ഞ

ജീവരക്തവും മാനവജാതിയുടെ സുരക്ഷിതത്വത്തിന്റെ അടയാള മാണ്. ശിഷ്യത്വത്തിന്റെ വിശാല കാഴ്ചപ്പാടിൽ സഹോദരനും സഹോദരിയും ഉൾക്കൊള്ളുന്നു. 'സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മ യും ആകുന്നു (മത്താ. 12:50). ശിഷ്യത്വത്തിൽ സുരക്ഷിതത്വം പുരു ഷന് ഒപ്പം സ്ത്രീയ്ക്കും ലഭ്യമാകുന്നു. ക്രിസ്തു സ്ത്രീകൾക്കു നൽകിയ സാമൂഹിക സുരക്ഷിതത്വം എല്ലാ തലങ്ങളിലും സംര ക്ഷിക്കപ്പെടണം.

**ഉപസംഹാരം**

സ്ത്രീ പുരുഷ സമത്വത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിനു മാത്രമേ സമഗ്രമായ പുരോഗതി കൈവരിക്കാൻ കഴിയൂ. അതിന് ദൈവരാജ്യമൂല്യങ്ങൾ ഉൾക്കൊള്ളുന്ന സാമൂഹിക വ്യവസ്ഥിതി സംജാതമാകണം. ക്രിസ്തുവിൽ വേരൂന്നി അടിസ്ഥാനമിട്ട സമൂഹ ത്തിന് മാത്രമേ സാമൂഹിക നീതി നടപ്പാക്കുവാൻ കഴിയൂ. യേശു പകർന്ന ജ്ഞാനത്തിന്റെയും സഖിത്വത്തിന്റെയും അംഗീകാരത്തി ന്റെയും സുരക്ഷിതത്വത്തിന്റെയും വേരുകൾ ഉൾക്കൊണ്ടുകൊണ്ട് അവയെ സംരക്ഷിക്കുവാൻ പുതുതലമുറയ്ക്ക് കഴിയണം. അതിന് ക്രിസ്തുവിൽ വേരൂന്നി വളരാം.

# ക്രിസ്തുവിൽ വേരൂന്നി വളരുക

**ജോജി പി. തോമസ്** (OCYM ട്രഷറർ)

''വളരുക ''എന്നത് ജീവന്റെ ലക്ഷണമാണ്. ആ ജീവൻ തന്ന സൃഷ്ടാവിനു നൽകുന്ന പ്രതിഫലമാണ് ഫലങ്ങൾ എന്നത്. ഫലങ്ങൾ അലങ്കാരികമായി പറഞ്ഞാൽ ഒരുവന്റെ അദ്ധ്വാനത്തിന് ലഭിക്കുന്ന പ്രതിഫലമായി കാണാം. ആ വളർച്ചയും ഫലപ്രാപ്തിയും ക്രിസ്തുവിൽ വേരൂന്നി ആയിരിക്കണം എന്നാണ് പരിശുദ്ധനായ പൗലോസ് ശ്ലീഹാ കൊലോസ്യർ 2:7 ൽ പറയുന്നത്. ''ക്രിസ്തുവിൽ വേരൂന്നി വളരുക''മനുഷ്യന്റെ അദ്ധ്വാനവും പ്രവർത്തിയും പൂർണ്ണമാകുന്നത് ക്രിസ്തു എന്ന തായ്തടിയിൽ നിൽക്കുമ്പോഴാണ്. ഫലം പുറപ്പെടുവിക്കാനുള്ള കടമ നമ്മെ ദൈവം ഭരല്പ്പിച്ചിരിക്കുന്നു.

വളരുന്ന അനുഭവം ക്രിസ്തീയ ജീവിതത്തിൽ നാം കാണുന്നു. തെയോസിസ് (Theosis) എന്നാൽ ദൈവീകരണം. മനുഷ്യൻ ദൈവീക സ്വഭാവത്തിലേക്കുള്ള വളർച്ചയിലാണ്. ഈ ലോക ജീവിതം അതിനുള്ള കാലഘട്ടമാണ്. ദൈവമായിരിക്കാൻ കഴിയില്ല എങ്കിലും ദൈവീകരായി വളരാനുള്ള ദൗത്യം മനുഷ്യർക്ക് ഉണ്ട്. അതിന് ദൈവവുമായുള്ള മനുഷ്യന്റെ ബന്ധം ആവശ്യമാണ്. മനുഷ്യൻ തന്റെ അദ്ധ്വാനത്തിലൂടെയാണ് ഫലങ്ങൾ പുറപ്പെടുവിക്കുന്നതെങ്കിലും അതു ദൈവത്തിന്റെ ദാനമാണെന്ന സത്യം ഒരിക്കലും നാം വിസ്മരിക്കരുത്. അതിനാണ് ക്രിസ്തുവിൽ വളരേണ്ടത്. ഫലം കൊണ്ട് നാം വൃക്ഷത്തെ തിരിച്ചറിയുന്നു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തുവിൽ അടിസ്ഥാനമിട്ട ജീവിതത്തിന് മാത്രമേ ദൈവീക ഫലം നൽകാൻ കഴിയുകയുള്ളൂ. ആത്മാവിന്റെ ഫലങ്ങളെപ്പറ്റി

പൗലോസ് ശ്ലീഹാ ഗലാത്യാ ലേഖനത്തിൽ പറയുന്നത് ഈ അടി സ്ഥാനത്തിലാണ്.

ക്രിസ്തുവിന്റെ ഭാവം നമ്മിലുണ്ടാകട്ടെ എന്ന് ഫിലിപ്പയർ 2:5 ൽ ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശക്തിയിൽ വേരൂന്നി ജീവിക്കുന്നവർക്കാണ് ക്രിസ്തു ഭാവത്തിൽ നിറയുവാൻ കഴിയുക യുള്ളൂ. ക്രിസ്തുഭാവം-അനുകമ്പ, സ്നേഹം, ത്യാഗം, സഹവർത്തി ത്വം, സഹായം, ക്ഷമ തുടങ്ങിയവ നമ്മിൽ ഉണ്ടാകണമെങ്കിൽ ക്രി സ്തു നമ്മിൽ വസിക്കണം. ക്രിസ്തു നാഥൻ പറയുന്നു ''എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിന് മുന്തിരി വള്ളി യിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പ്പാൻ കഴിയാത്തതുപോലെ എന്നി ൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴിയുകയില്ല. ഒരുവൻ എന്നി ലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ/അവൾ വളരെ ഫലം കായ്ക്കും'' (യോഹ 15:4,5) ക്രിസ്തുവിൽ വേരൂന്നിയ വൃക്ഷ ത്തിന് മാത്രമേ നല്ല ഫലം പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ. ക്രിസ്തുവിൽ വളരുക എന്നതിന് ക്രിസ്തുവിനോട് കൂടെ വസി ക്കുക എന്നർത്ഥം.

സങ്കീർത്തനക്കാരന്റെ ചിന്ത ഇപ്രകാരമാണ്. ''യഹോവയുടെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ ആറ്ററികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും, ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും''(സങ്കി 1: 2,3) ആറ്റ രികത്തുനട്ട വൃക്ഷം എപ്പോഴും ഫലം കായ്ക്കും. കാരണം അതിന്റെ വേരുകൾ ആഴത്തിലേക്ക് പോവുകയും വെള്ളം ആവശ്യത്തിന് ലഭി ക്കുകയും ചെയ്യുന്നതിനാൽ അധികം ഫലം പുറപ്പെടുവിക്കും. അതു പോലെ ക്രിസ്തുവിൽ വേരൂന്നവൻ അധികം ഫലം കായ്ക്കുകയും ജീവനും തേജസ്സും ഉള്ള വൃക്ഷമായിതീരുകയും ചെയ്യും. ക്രിസ്തു എന്ന അടിസ്ഥാനത്തിന്റെ മേൽ പണിയപ്പെടുന്ന ഭവനമാണ് നാം. ആ മന്ദിരം ദൈവത്തിന്റെ മന്ദിരമാണന്ന് പൗലോസ് ശ്ലീഹാ 1 കൊരി ന്ത്യർ 3:16,17 വാക്യങ്ങളിൽ ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുവിൽ വേരൂന്നി വളരുന്ന വൃക്ഷമായി നാം മാറണം. ധാരാളം ഫലം പുറപ്പെടുവിക്കുന്ന അനേകർക്ക് ആശ്രയിക്കാൻ കഴി യുന്ന ദൈവ വാഹകമായി നാം മാറണം. ക്രിസ്തു ഫലം അന്വേഷി ക്കുമ്പോൾ നമ്മിൽ നിന്ന് ഫലം കണ്ടെത്തുമോ? ആഴത്തിൽ വേരോട്ട

മുള്ള വൃക്ഷം ഏതു പ്രതിസന്ധിയിലും ഉലയാതെ വീഴാതെ നിൽക്കും. അതുപോലെ ജീവിത യാത്രയിൽ തളരാതെ നിൽക്കണമെങ്കിൽ ക്രിസ്തുവിലുള്ള വിശ്വാസവും ആഴത്തിൽ വേരുള്ളവരും ആയി നാം മാറണം. പൗലോസ് ശ്ലീഹാ ജീവിത വിജയത്തിന്റെ മന്ത്രമായി നൽകുന്ന ആപ്തവാക്യമാണ് ''ക്രിസ്തുവിൽ വേരൂന്നി വളരുക'' എന്നത്.

പ്രിയ യുവജനങ്ങളെ, നമ്മുടെ വളർച്ചയിൽ ക്രിസ്തു നമ്മുടെ ആശ്രയമാകണം. ക്രിസ്തുവിനോട് കൂടെ ആയിരിപ്പാൻ നമുക്ക് കഴിയണം. ക്രിസ്തുവിൽ വേരൂന്നിയ ജീവിതം നമുക്കു ഉണ്ടാകുവാൻ വേദപഠനവും, ആഴമേറിയ വിശ്വാസവും, ജീവിത വിശുദ്ധിയും ആരാധന ജീവിതവും, കൗദാശികാനുഭവവും നമുക്കുണ്ടാകണം. ജീവിത വിജയത്തിന് നാം സ്വീകരിക്കേണ്ട മന്ത്രമായി ഈ ചിന്തകൾ നമുക്ക് ഉതകുമാറാകണം. നല്ല ഫലം പുറപ്പെടുവിക്കുന്നവരായി ക്രിസ്തു ജീവിതത്തിന്റെ വക്താക്കളായി മാറുവാൻ ഇടയാകട്ടെ. നമ്മുടെ പ്രവർത്തിയിലൂടെ ദൈവദൗത്യം വെളിച്ചപ്പെടുവാനും അതുവഴി മറ്റുള്ളവർ ക്രിസ്തുവിൽ വേരൂന്നി ജീവിതം നയിക്കുവാനും ഇടയാവുകും,അതിന് പൗലോസ് ശ്ലീഹാ പറയുന്നതുപോലെ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായി നമുക്കു മാറാം. ക്രിസ്തുവിൽ വേരൂന്നി, പദമൂന്നി നമുക്ക് മുന്നേറാം.

# കുറിപ്പുകൾ

**കുറിപ്പുകൾ**



With best Compliments from

**Issac Varghese & Family**

**(Mar Gregorios Orthodox Maha Edavaka, Kuwait)**

Home Parish:
St. Stephen's Orthodox Church,
Meenthalakara, Thiruvalla

IN BLESSED MEMORY OF OUR PATRON
L. L. H. G. THOMAS MAR ATHANASIOS METROPOLITAN



**MAR PHILOXENOS MEMORIAL FRIENDS' ASSOCIATION**
**(MARPFA)**
**U.A.E. CHAPTER**

Printed & Published by General Secretary, OCYM, St.Thomas Bhavan, Old Seminary Road, Chungam, Kottayam
at Peediakkal Printers, Thiruvalla 94473 47647